# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 50 | THE ONLINE OFFICIAL NEWS BULLETIN | 2024 November 21

SEASON OF THE ANNUNCIATION | അറിയിപ്പുകാലം

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| 24 Suboroh dabthulto Annunciation to St. Mary 208th Mem. of Sabha Jyothis Pulikkottil Joseph Mar Dionysius I 28th Mem. of Dr. Paulos Mar Gregorios (Kottayam Old Seminary) 4 | 25 Comme. of St. Clement of Rome 8 | 26 4 | 27 Comme. of St. Jacob Mapasco Sahada 8 | 28 Comme. of St. Jacob Baradaeus & St. Dionysius Barsleebi 4 | 29 Comme. of St. Jacob of Serugh 8 | 30 ✝ Comme. of St. Anderw the Apostle 4 |




## ആയുർവേദ ആശുപത്രി ഉദ്ഘാടനം ചെയ്തു

കോട്ടയം: ജീവിതശൈലി രോഗങ്ങൾ കൊണ്ട് പാടുപെടുന്ന ആധുനിക സമൂഹത്തിന്റെ സമ്പൂർണ്ണ സൗഖ്യത്തിന് ആയുർവേദം അനിവാര്യതയാണെന്ന് സഹകരണ തുറമുഖ വകുപ്പ് മന്ത്രി വി. എൻ വാസവൻ. പരുത്തുംപാറ ചാന്നാനിക്കാട് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ആയുർവേദ ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. സഭ ആദ്യമായിട്ടാണ് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതെന്നും സാധാരണക്കാരായ ജനങ്ങളുടെ സമ്പൂർണ്ണ സൗഖ്യമാണ് ഇതിൻറെ ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ., ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, അത്മായ ട്രസ്റ്റി റോണി വർഗീസ്, സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഡോ. രാജു ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ആയുർവേദ ആശുപത്രി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കണമെന്നും പഴമയുടെ തനതായ ഭാവത്തിലേക്ക് മടങ്ങിപ്പോവാൻ ഈ ഉദ്യമം ഇടയാകട്ടെ എന്നുമുള്ള മന്ത്രിയുടെ ആഹ്വാനം ഏറ്റെടുക്കുന്നതായി പരിശുദ്ധ കാതോലിക്ക ബാവ പറഞ്ഞു. ഒരു ക്ലിനിക്കായി ആരംഭിച്ച് തുടർന്ന് രോഗികളെ കിടത്തി ചികിത്സിക്കുന്ന നിലയിലേക്ക് വളർന്ന് ആയുർവേദ മെഡിക്കൽ കോളജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുകയാണ് ലക്ഷ്യം എന്നും ബാവാ കൂട്ടിച്ചേർത്തു.




**2024 നവംബർ 19-ന് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കും ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയും ചേർന്ന് റഷ്യൻ ഓർത്തഡോക്സ് ഗായകസംഘത്തിന്റെ ആരാധനാഗാന ആലാപനം സംഘടിപ്പിച്ചു. പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.**



**ബാംഗ്ലൂർ ഭദ്രാസനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി, ഡോദ്ദാബാലപുരത്തു പണിയുന്ന ചാപ്പലിന്റെയും, ഭദ്രാസന കേന്ദ്രമായ അരമനയോട് ചേർന്നുള്ള ഡോഡ്ഡഗുബിയിലെ, മൾട്ടി പർപ്പസ് ബിൽഡിങ്ങിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭമായി, അടിസ്ഥാന ശിലാ ശുദ്ധീകരണം പ. കാതോലിക്കാ ബാവാ നിർവ്വഹിച്ചു. ഗീവർഗീസ് മാർ പീലക്സിനോസ് സഹകാർമ്മികത്വം വഹിച്ചു.**



**വയനാട് ദുരിത മേഖലയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ആശ്വാസ പദ്ധതിയിലേക്ക്, ബാംഗ്ലൂർ ഭദ്രാസനത്തിലെ 23 ഇടവകകളും ചേർന്ന് സമാഹരിച്ച് 60 ലക്ഷം രൂപ, പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവായ്ക്ക് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസ്, ഭദ്രാസന സെക്രട്ടറി ഫാ. സ്കറിയ മാത്യു, ഭദ്രാസനത്തിലെ വൈദികർ,സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ബാംഗ്ലൂർ ഭദ്രാസന കൗൺസിൽ അംഗങ്ങളും ചേർന്ന് കൈമാറി.**



സെറാംപൂർ സർവ്വകലാശാല സെനറ്റ് അംഗമായി (2024–2029) തെരഞ്ഞെടുക്കപ്പെട്ട ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ചരിത്രരേഖ

# എഴുത്തുകളുടെ നമ്പർ ബുക്ക്

## പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



### മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

### എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

1500. പുരയ്ക്കൽ ചാക്കോച്ചനു. കാരിച്ചാൽ പള്ളിയിലെ ഇപ്പോഴത്തെ മുതൽപിടി പുത്തൻപുരയ്ക്കൽ ... കാരണവശാൽ നിശ്ചയിച്ചാറെ വിധിക്കു ഏല്പിക്കാതെ രണ്ടു മാസം കാലതാമസം വരുത്തിയതിനു ഏല്പിക്കുന്ന കാലത്തേക്കു ഒരു പണം വീതമുള്ള പലിശ ടിയാൻ കൊടുക്കണമെന്നു ചാക്കോച്ചൻ മുതൽപേർ കൊടുത്തിരിക്കുന്നതായി ടിയാൻ നമ്മെ അറിയിച്ചിരിക്കുന്നു. എന്നാൽ ടി തോമ്മാ ടി ദിവസങ്ങളിലേക്കു മുക്കാൽ പലിശ തരാമെന്നു സമ്മതിക്കുന്ന സ്ഥിതിക്കു പള്ളിക്ക് ഇതു ഒരു കോട്ടവും ചെയ്യുന്നതല്ല. കൂടാതെ ഈ തോമ്മാ അവന്റെ ജോലി കൃത്യമായും സത്യമായും ചെയ്യുന്നു എന്നു നിങ്ങൾ എല്ലാവരും സമ്മതിക്കുന്ന സ്ഥിതിക്കു ടിയാനോടു സ്നേഹമായി പെരുമാറിക്കാണാൻ ആഗ്രഹിക്കുന്നു. അതിനാൽ ...

പള്ളിചുമതല പുതിയ ആളുകളെ ഏല്പിക്കാൻ തെരഞ്ഞെടുത്തതായി അറിയുന്നതിൽ സന്തോഷിക്കുന്നു.

എന്നു 1101 കർക്കടകം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

1501. ചക്കിട്ടടത്തു തോമസു കത്തനാർക്കു. പ്രിയനെ, മാമ്മൻ വക്കീലിന്റെ പേർക്കു നാം എഴുതി അയച്ചിരുന്നു എന്നാറെ കറസ്പോണ്ടന്റ് സ്ഥാനം വേറൊരാളിനെ ഏല്പിക്കുന്നപക്ഷം അവിടെ വലിയ കുഴപ്പങ്ങളും നാശവും ഉണ്ടാകുമെന്നും ബലം പ്രയോഗിപ്പാൻ കൂടി ചിലർ തയ്യാറുണ്ടെന്നും മറ്റും രണ്ടു രജിസ്റ്റർ നോട്ടീസു മാമ്മൻ വക്കീലിന്റെ പേർക്കു വന്നിട്ടുണ്ടെന്നും അതിനാൽ ഈ സ്കൂൾ വർഷാവസാനം വരെയെങ്കിലും കൂടി ടിയാൻ നടത്തിക്കൊള്ളാമെന്നും ഇപ്പോഴത്തെ വാദ്ധ്യാന്മാരെ നമ്മുടെ പള്ളിവാതുക്കലെ കുഞ്ഞ് ഉപദ്രവിക്കുമെന്നു അവർക്കു വളരെ ഭയമുണ്ടെന്നും മറ്റുമാണു നമുക്കു മറുപടി വന്നിരിക്കുന്നതു. രജിസ്റ്റർ നോട്ടീസുകാരുടെ പ്രയോഗം ഭീഷണി ആയിരിക്കുമെങ്കിലും, പള്ളിവാതുക്കലെ കുഞ്ഞിനെ നിയമിക്കുന്നതിൽ പലർക്കും വളരെ അതൃപ്തിയുണ്ടെന്നും മറ്റും വേറെ ചിലരുടെ എഴുത്തുകളും നമുക്കു വന്നിട്ടുണ്ടു. ഈ വിവരം അവിടെയുള്ള നമ്മുടെ പള്ളിപ്രധാനികളെ ധരിപ്പിച്ചുകൊള്ളണം. നമ്മുടെ പ്രവൃത്തി പുതിയ കുഴപ്പങ്ങൾക്കും തർക്കങ്ങൾക്കും ഇടയാക്കുമെങ്കിൽ നാം തൽക്കാലം യാതൊന്നും പ്രവൃത്തിക്കാതിരിക്കയാണു നല്ലതെന്നു വിചാരിക്കുന്നു. ശേഷം പിന്നാലെ.

എന്നു 1101 കർക്കടകം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

1502. കൊച്ചുമാമ്മച്ചനു. പ്രിയനെ, 5-നു ഇങ്ങോട്ടു അയച്ച എഴുത്തു കിട്ടി. ... നമുക്കു പൂർണ്ണമായി വിശ്വാസമില്ലാത്തതിനെ സംബന്ധിച്ചു ചില എഴുത്തുകൾ നമുക്കും വന്നിട്ടുണ്ടു. നമ്മുടെ പ്രിയന്റെ പേർക്കു വന്നിട്ടുള്ളതായി എഴുത്തിൽ പറയുന്ന രജിസ്റ്റർ നോട്ടീസുകളെ സംബന്ധിച്ചു ... നിങ്ങളെ ഭീഷണിക്കു ... ആർക്കും ചേരുന്നതല്ലെന്നു ... കുറഞ്ഞോരുകാല ... യോഗങ്ങൾ ഈ സംഗതിയിൽ ... ആഗ്രഹനിവൃത്തിക്കു വേണ്ടി പലയിടത്തും പല സംഗതികളിലും നാം കാണുന്നുണ്ട്.

പള്ളിവാതുക്കലെ കുഞ്ഞിനെയാകട്ടെ വേറെ വല്ലവരുമാകട്ടെ നിയമിക്കുന്നപക്ഷം ആരിൽ നിന്നും ആർക്കും ഒരു ദോഷവും ഉണ്ടാകാതിരിപ്പാൻ കൊള്ളാവുന്ന ചിലരെ ... നിയമിക്കണമെന്നേ വിചാരിക്കുന്നുള്ളു എന്നു നാം പറഞ്ഞതോർക്കുമല്ലോ. ...നെക്കുറിച്ചൊന്നും അപ്പോൾ പറഞ്ഞിട്ടാവശ്യമില്ലല്ലോ.

ഇപ്പോൾ നമ്മുടെ പ്രിയന്റെ അഭിപ്രായം ഭേദപ്പെട്ടു ഈ സ്കൂൾ വർഷാവസാനത്തോടുകൂടി പിരിഞ്ഞാൽ മതിയെന്നും അല്ലാഞ്ഞാൽ ... ഉള്ള ദോഷങ്ങൾ സംഭവിച്ചേക്കുമെന്നും ആണല്ലോ നമ്മുടെ പേർക്കു എഴുതി അയച്ചിരിക്കുന്നതു. ഈ സ്കൂൾ വർഷാവസാനം വരെ എന്നു മാത്രമല്ല നമ്മുടെ പ്രിയനു ആഗ്രഹമുള്ള കാലത്തോളം ഒഴിയാതിരിക്കുന്നതു നമുക്കു സന്തോഷം തന്നെയാണ്. അങ്ങനെ ചെയ്തുകൊള്ളണം.

കണക്കു കേൾപ്പിക്കുന്നില്ലെന്നും, അതിലേക്കു നിർബന്ധിച്ചപ്പോൾ ചിലവു കഴിച്ചു ബാക്കിയുണ്ടാകാത്തവിധത്തിൽ ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചുകളഞ്ഞു എന്നും മറ്റും ചില കുറ്റങ്ങൾ നമ്മുടെ പ്രിയനെക്കുറിച്ച് ചിലർ പറയുന്നുണ്ടെന്നുള്ള വിവരം അറിഞ്ഞിരിക്കുമല്ലോ. ഇങ്ങനെയുള്ള വർത്തമാനങ്ങൾക്കും, ഇടവകയിൽ വിരുദ്ധങ്ങൾക്കും, കുഴപ്പങ്ങൾക്കും നമുക്കു സ്വൈര്യമായി ജീവിതം കഴിപ്പാൻ പാടില്ലാത്തവിധമുള്ള പരാതികൾക്കും ഇടയാകരുതെന്നു മാത്രമേ നമുക്കു ആഗ്രഹമുള്ളു. ഈ വിധമൊന്നും ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം വേണ്ടതുപോലെ നമ്മുടെ പ്രിയൻ പ്രവർത്തിച്ചുകൊള്ളണമെന്നു മാത്രമേ നമുക്കുള്ളു.

എന്നു 1101 കർക്കടകം 8-നു പരുമല സിമ്മനാരിയിൽ നിന്നും.

1503. മട്ടയ്ക്കൽ മല്പാനു. സിമ്മനാരി സംബന്ധിച്ചുള്ള വർത്തമാനങ്ങൾ. 101 കർക്കടകം 9-നു. ടി സ്ഥലം.

1504. വർക്കിപ്പിള്ളയ്ക്കു. ടി കാര്യങ്ങൾ.

1505. ചെറിയമഠത്തിൽ മല്പാനു. ടി വർത്തമാനങ്ങൾക്കും സഭാ സംബ

ന്ധമായ ഓരോ സംഗതികൾക്കും. 101 കർക്കടകം 9-നു പരുമല സിമ്മനാരിയിൽ നിന്നും.

1506. പൂതക്കുഴിയിൽ കത്തനാർക്കു. ടി കാര്യങ്ങളും കേസു സംബന്ധമായ വർത്തമാനങ്ങളും.

1507. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. കേസിനെക്കുറിച്ചു.

1508. ... പീലിപ്പോസു കത്തനാർക്കു. ചേപ്പാട്ടു ഇംഗ്ലീഷ് സ്കൂളിനെപ്പറ്റി സമാധാനമാകുന്ന കാര്യങ്ങളെ പറയുവാനുള്ളതുകൊണ്ടു ഇത്രടം ഉടനെ വന്നു ചേരണമെന്നു.

1509. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു.

1510. ളാക്കൂർ പള്ളിക്കാർക്കു. പ്രിയരെ, ആ പള്ളിയുടെ മുതൽകെട്ടുകാരനായ പാലാളിൽ ഗീവറുഗീസു ചാണ്ടപ്പിള്ള ടിയാന്റെ മുതൽചുമതലക്കാലത്തു പള്ളിക്കുവേണ്ടി സ്വന്തം കയ്യിൽ നിന്നും കൂടുതൽ ചിലവു ചെയ്തിട്ടുണ്ടെന്നും, അതു ... വകയിൽ നിന്നു ടിയാനു കിട്ടേണ്ടതാണെന്നും, പള്ളികണക്കൻ മുതൽപിടിക്കാരനോടുള്ള ചില വിരോധം നിമിത്തം ആ വക വരവും ചിലവും പള്ളിക്കണക്കിൽ എഴുതുകപോലും ചെയ്തിട്ടില്ലെന്നും പള്ളി സ്ഥലത്തിന്റെ ആധാരക്കാരായ മൂന്നു പേർ അത് യോഗത്തിലേക്കു ഒഴിഞ്ഞു പ്രമാണം കൊടുക്കാഴികയാൽ യോഗജനങ്ങളിൽ ഇപ്പോൾ പലവിധ കുഴപ്പങ്ങളും, ഭിന്നതകളും ഉണ്ടായിരിക്കുന്നു എന്നും മറ്റും നമ്മുടെ മുമ്പാകെ സങ്കടം ബോധിപ്പിച്ചിരിക്കുന്നു. മുതൽപിടിക്കാരൻ പള്ളിക്കിറക്കിക്കൊടുപ്പാനുണ്ടെന്നു പറയുന്ന സംഖ്യ മുതൽപിടിക്കാരനിൽ നിന്നു ചെല്ലുവാനുള്ളതല്ലെന്നും, കുടിശികക്കാരിൽ നിന്നും പള്ളിക്കു കിട്ടേണ്ടതാണെന്നും, ആ പള്ളിയുടെ വികാരിയായ വടുതല ഈശോ കത്തനാർ കണക്കിനെ സംബന്ധിച്ചു വിവരിച്ചെഴുതിയിട്ടുള്ളതായി കാണുന്നതിനാൽ ടി സംഖ്യ പള്ളിക്കാർ തന്നെ കുടിശികക്കാരോടു ഈടാക്കികൊള്ളേണ്ടതും മുതൽപിടിക്കാരനു ചെല്ലുവാനുള്ള പണം പള്ളിവകയിൽ നിന്നു മുതൽപിടിക്കാരനു കൊടുക്കേണ്ടതുമാണ്. അങ്ങനെതന്നെ സമുദായ വ്യവഹാരങ്ങൾക്കു മുതൽപിടിക്കാരൻ കടം വാങ്ങി കൊടുത്തിട്ടുണ്ടെങ്കിൽ പലിശയും പള്ളി തന്നെ വഹിക്കേണ്ടതും അതു കണക്കിൽ എഴുതിച്ചുകൊള്ളേണ്ടതുമാണ്.

നമ്മുടെ സഹോദരൻ ബ. കൊച്ചുമെത്രാച്ചൻ ഈ മാസത്തിൽ ... മുതലായ സ്ഥലങ്ങളിലേക്കു വരുമെന്നാണു നാമറിയുന്നത്. ഇതു സംബന്ധമായ വാദങ്ങളും പള്ളിപുരയിടത്തിന്റെ സ്ഥലത്തെ സംബന്ധിച്ചുള്ള കാര്യങ്ങളും അദ്ദേഹം തന്നെ അവിടെയോ സമീപസ്ഥലങ്ങളിലോ എത്തുമ്പോൾ നിങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ സ്വത്തുവിവരം ബോധിപ്പിച്ചുകൊള്ളേണ്ടതും അദ്ദേഹം കല്പിക്കുന്ന തീരുമാനം അനുസരിച്ചു നിവൃത്തിച്ചുകൊള്ളുകയും വേണം.

സംഗതികൾ തീരുമാനിക്കാതെ നാൾ ദീർഘതയുണ്ടായി കുഴപ്പങ്ങൾ വർദ്ധിച്ചേക്കാവുന്നതുകൊണ്ടു കഴിയുംവേഗം ഇവകൾക്കൊക്കെയും ശമനമുണ്ടാക്കുന്നതിനു വികാരി ഉത്സാഹമായി പ്രവർത്തിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്നു. സർവ്വശക്തനായ ... എന്നു 101 കർക്കടകം 9-നു പരുമല സിമ്മനാരിയിൽ നിന്നു.

1511. ളാക്കൂർ പള്ളി വികാരി വടുതല ഈശോ കത്തനാർക്കു.

പ്രിയനെ, ളാക്കൂർ പള്ളിവക വരവുചിലവുകളുടെ കണക്കു കുടിശികക്കാരിൽ നിന്നു പിരിയേണ്ടുംവക പിരിപ്പിക്കാൻ പള്ളി വകയിൽ നിന്നു കൊടുത്തു തീർപ്പാനുള്ളതു മുതൽപിടി സമുദായ വ്യവഹാരത്തിനു കടം വാങ്ങി അയച്ചുകൊടുത്തു എന്നും പള്ളിസ്ഥലത്തിന്റെ ആധാരത്തെ സംബന്ധിച്ചുള്ള വാദം മുതലായവകളെക്കുറിച്ചു മുതൽപിടി ഗീവറുഗീസ് ചാക്കോയും ഏതാനും ആളുകളും ഇന്നു നമ്മുടെ അടുക്കൽ വന്നു സങ്കടം ബോധിപ്പിക്കയുണ്ടായി. അതേ സംബന്ധിച്ചു പള്ളിക്കു ടിയാന്റെ കൈവശം ഇന്നൊരു കല്പന അയച്ചിട്ടുണ്ടു. സംഗതികൾക്കു കൂടുതൽ കുഴപ്പങ്ങൾ നേരിടാതെ വികാരിയായ താൻ വേണ്ടതു ഉത്സാഹമായി പ്രവർത്തിക്കണമെന്നു ഗുണദോഷിക്കയും അങ്ങനെ പ്രവൃത്തിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. സർവ്വശക്തനായ ...

എന്നു 101 കർക്കടകം 9-നു പരുമല സിമ്മനാരിയിൽ നിന്നും.

1512. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. 101 കർക്കടകം 12-നു പരുമല സിമ്മനാരിയിൽ നിന്നും.

1513. മട്ടയ്ക്കൽ മല്പാനു. കായൽ കാര്യം, സമരികേസിന്റെ വർത്തമാനങ്ങൾ, ... ഇവ. ടി തീയതി. ടി സ്ഥലം.

1514. കെ. സി. മാത്യുവിനു. സ്റ്റുഡന്റ്സ് കോൺഫ്രൻസ് കാര്യങ്ങൾ.

1515. കെ. ഐ. ജോർജിന് (ഹെഡ്മാസ്റ്റർ). ഈ സ്കൂൾ വർഷാവസാനം വരെ കറസ്പോണ്ടന്റ് സ്ഥാനം നോക്കിക്കൊള്ളാമെന്നും അല്ലാത്തപക്ഷം പല കുഴപ്പങ്ങൾ നടക്കാമെന്നും കൊച്ചുമാമ്മച്ചൻ എഴുതിയിരുന്നതനുസരിച്ചു ആഗ്രഹംപോലെ ചെയ്യണമെന്നു നാം എഴുതിയിട്ടുണ്ടു. ടിയാൻ ഹെഡ്മാസ്റ്ററെ വിവരം അറിയിച്ചു കാണുമെന്നു വിശ്വസിക്കുന്നു. ടി തീയതി. ടി സ്ഥലം.

1516. പുന്നവേലി പള്ളിക്കാർക്കു. പ്രിയരെ, നിങ്ങൾ പള്ളിക്കാററുടെ അപേക്ഷയായി കഴിഞ്ഞ മാസം 13-നു നിങ്ങളിൽ ചിലർ നമ്മുടെ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ടി മാസം 14-നു 120-ാം നമ്പ്രായി നിങ്ങൾക്കു നാം ഒരു കല്പന അയച്ചിരുന്നുവല്ലോ. വികാരി പയ്യമ്പള്ളിൽ മൂപ്പച്ചൻ മേൽപറഞ്ഞ അപേക്ഷയിൽ ചേരുകയോ ടിയാനെ ചേർക്കുകയോ ചെയ്യാതെയാണല്ലോ ആ അപേക്ഷ തയ്യാറാക്കിയത്. ഇതു കാരണത്താൽ ആ അപേക്ഷയെ സംബന്ധിച്ചു ആ പൊതുയോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള ആലോചനയോടു കൂടി ആണോ എന്നു നമുക്കു സംശയം തോന്നിയതിനാലത്രെ വികാരി മൂപ്പച്ചനെക്കൂടെ വരുത്തി വേണം ടി കല്പന നടപ്പിൽ വരുത്തുവാനെന്നു നമ്മുടെ മൂപ്പച്ചനു നാം പ്രത്യേകം എഴുതിയതു. മൂപ്പച്ചൻ ടി പള്ളിയിൽ എത്തി യോഗത്തെക്കൂട്ടി ടി അപേക്ഷയെ സംബന്ധിച്ചു ചോദിച്ചപ്പോൾ നിങ്ങളിൽ ചിലർ ആരോ കൂടി അപേക്ഷയിൽ ഉൾപ്പെട്ടിരുന്ന മുതൽപിടിക്കാരൻ മുതൽപ്പേർ യോഗത്തു ബോധിപ്പിച്ചതും ഒപ്പിട്ടിരിക്കുന്നതുമായ മൊഴി വികാരി മൂപ്പച്ചൻ ഇപ്പോൾ നമ്മുടെ മുമ്പാകെ ഹാജരാക്കുകയും അവിടെ നടന്ന സംഗതികളെ സംബന്ധിച്ച് നമ്മോടു പ്രസ്താവിച്ചു പറകയും ചെയ്തപ്പോൾ ടി ഹർജിയെ സംബന്ധിച്ചു നമുക്കാദ്യമുള്ള സംശയം അസ്ഥാനത്തിലല്ലെന്നും, ചില ഉപായതന്ത്രം ... ഉപയോഗിച്ചിട്ടുണ്ടെന്നും നമുക്കു മനസ്സിലായിരിക്കുന്നു. ഇതിൽ നിങ്ങളിൽ ചിലരെ സംബന്ധിച്ചു നാം വളരെ വ്യസനിക്കുന്നു എന്നല്ലാതെ എന്തു നാം പറയേണ്ടു. എങ്കിലും നാം തെറ്റിദ്ധരിച്ചെഴുതിയ കല്പനയാകകൊണ്ടു ഇതു സംബന്ധമായ വേറൊരു കല്പന നാം അയക്കുന്നതു വരെ ടി കല്പനയെ ഈ കല്പന മൂലം നാം റദ്ദാക്കിയിരിക്കുന്നതായി നിങ്ങൾ അറിഞ്ഞുകൊള്ളണം.

ആ പള്ളി സംബന്ധമായ സംഗതികളുടെ മേൽനടത്തിപ്പിലേക്കു ആവശ്യമെന്നു നിങ്ങൾക്കു തോന്നുന്ന കാര്യങ്ങൾ വികാരി മൂപ്പച്ചൻ കൂടി ഉണ്ടായിരിക്കുന്ന ഒരു യോഗത്തിൽ വച്ചു ആലോചിച്ചും, പള്ളി വരവു ചിലവുകളുടെ കണക്കുകൾ യോഗം കേട്ടു തിരട്ടിന്റെ ഒരു പ്രതിയോടു കൂടെ നമ്മുടെപേർക്കു എഴുതി അയക്കയോ പട്ടക്കാരന്മാരു യോജിപ്പായി നമ്മുടെ പേർക്കു എഴുതി അയക്കുകയോ ചെയ്യാൻ ഇടയാകാതെ വരുന്നപക്ഷം നമുക്കു മുമ്പിൽ വച്ചു കേട്ടു തീരുമാനിക്കത്തക്കവണ്ണം വികാരിയെയും ഏതാനും പള്ളിപ്രതിപുരുഷന്മാരെയും നമ്മുടെ അടുക്കൽ താമസിയാതെ അയച്ചുകൊള്ളുകയോ ചെയ്യണം. ശേഷം പിന്നാലെ. സർവ്വശക്തനായ ... എന്നു 1101 കർക്കടകം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

1517. തേർവേലിൽ അലക്സിയോസ് കത്തനാർക്കു. കഴിഞ്ഞ മാസം 19-നു പുന്നവേലി പള്ളിക്കു നാം ഒരു കല്പന അയച്ചിരുന്നുവല്ലോ. ചില കാരണങ്ങളാൽ ആ കല്പനയെ നാം റദ്ദു ചെയ്തു ഇന്നേ ദിവസം ആ പള്ളിയുടെ വികാരി പയ്യമ്പിള്ളിൽ മൂപ്പച്ചൻ വശം ഒരു കല്പന അയച്ചിട്ടുണ്ടു. മേൽപറയുന്ന മുൻ കല്പന മൂപ്പച്ചന്റെ വീട്ടിൽ നിന്നും താൻ കൊണ്ടുപോയതു ഇപ്പോൾ തന്റെ കൈവശമാണെന്നാണു നാം അറിയുന്നതു. അതിനെ സംബന്ധിച്ചു മേലാൽ നടത്തേണ്ട ചില സംഗതികൾ ചോദിച്ചറിയാനുള്ളതിനാൽ ഈ കല്പന കിട്ടിയാലുടൻ താൻ ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണം. ശേഷം കാഴ്ചയിൽ. സർവ്വശക്തനായ ... എന്നു 1101 കർക്കടകം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

1518. പയ്യമ്പള്ളിൽ മൂപ്പച്ചനു. പുന്നവേലി, മുരണി, പനയമ്പാല, മല്ലപ്പള്ളി പള്ളികളിലെ റെശീസായായി കൊടുത്തയച്ച രൂപാ 4, ചക്രം 22 ഉം കിട്ടിയിരിക്കുന്നു. ടി സ്ഥലം. ടി തീയതി.

1519. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. സമരിക്കേസിനെക്കുറിച്ചും മറ്റും. 1101 കർക്കടകം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

1520. തയ്യിൽ ഈപ്പച്ചനു. ടി കാര്യം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

1521. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കു.

1522. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസു സംബന്ധിച്ച വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

1523. തയ്യിൽ മാത്തുച്ചനു. കോട്ടയത്തു പൊന്നുംവിലക്കേസിനെ സംബന്ധിച്ചു. 1101 കർക്കടകം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

1524. റ്റി. ജി. മാത്യുവിന്. വർത്തമാനങ്ങൾ.

1525. കുറിയന്നൂർ പുത്തൻപള്ളിക്കാർക്കു. പ്രിയരെ, നിങ്ങൾ ഈ മാസം 10-നു നമുക്കയച്ച എഴുത്തു കിട്ടി. നിങ്ങളുടെ അപേക്ഷപ്രകാരം തുണ്ടിയിൽ ഈശോ ചാക്കോയെ ആ പള്ളിയുടെ മുതൽകെട്ടുകാരനായും, ഏറാട്ടു ജോസഫ് ഏബ്രഹാം ശെമ്മാശനെ കണക്കനായും, ഈ കല്പന മൂലം നാം സ്ഥിരപ്പെടുത്തി നിയമിച്ചിരിക്കുന്നതിനാൽ ഇനി വേറൊരു കല്പന ഇതു സംബന്ധമായി അയക്കുന്നതുവരെ അവരെക്കൊണ്ടു അവരുടെ ചുമതല ന്യായമായും, ഭംഗിയായും നടത്തിച്ചുകൊള്ളണം. ആ പള്ളിയുടെ കണക്കനായിരുന്ന ... മത്തായി കൊച്ചൂഞ്ഞു നമ്മുടെ പള്ളിയെയും സമുദായത്തെയും ഉപേക്ഷിച്ചു റോമ്മാ സഭയിൽ ചേർന്നു നടന്നുവരുന്നുവെന്നും ടി പള്ളി വക സാമാനങ്ങളും റിക്കാർഡുകളും ഇപ്പോഴും ടിയാന്റെ കൈവശം തന്നെയാണിരിക്കുന്നതെന്നും ... ടിയാന്റെ കൈവശമിരിക്കുന്ന സാധനങ്ങളും റിക്കാർഡുകളും ... മുതൽപിടിക്കാരനെ അധികാരപ്പെടുത്തിയിരിക്കുന്നതിനാൽ ടിയാനെക്കൊണ്ടു സകലവും ക്രമമായി നടത്തിച്ചുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം നിങ്ങൾക്കു കല്പന അയക്കുന്നതുമാണു. സർവ്വശക്തനായ ... എന്നു 1101 കർക്കടകം 16-നു പരുമല സിമ്മനാരിയിൽ നിന്നും.

1526. പുലിക്കോട്ടിൽ ജോസഫ് ശെമ്മാശനു. വർത്തമാനങ്ങൾക്കും ടിയാൻ ഇങ്ങോട്ടു വരുന്ന കാര്യവും.

1527. പി. കെ. ... വർത്തമാനങ്ങൾക്കും മറ്റും. ടി സ്ഥലം. ടി തീയതി.

(തുടരും)

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**


## ദേവലോകം പെരുന്നാൾ ജനുവരി 2, 3 തീയതികളിൽ

ദേവലോകം: പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 61-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്നീ കാതോലിക്കാ ബാവാമാരുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ 2025 ജനുവരി 2, 3 തീയതികളിൽ ദേവലോകം പെരുന്നാളായി ആചരിക്കുന്നു. പെരുന്നാളിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പ. കാതോലിക്കാ ബാവാ തിരുമേനിയുടെ നിർദ്ദേശപ്രകാരം അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആലോചനാ യോഗത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

ഫാ. കുറിയാക്കോസ് ഏലിയാസ്, ബിനു കെ. ചെറിയാൻ എന്നിവർ ജനറൽ കൺവീനർമാരായും, ഫാ. കെ. എം. സഖറിയ, ഫാ. പി.എ. ഫിലിപ്പ്, ഫാ. അലക്സ് തോമസ്, ഫാ. ജിബിൻ സക്കറിയ, എ.കെ. ജോസഫ്, ജിന്റോ കെ. വർഗീസ്, സാം വർഗീസ്, മോനി മാത്യു എന്നിവർ പബ്ലിസിറ്റി കൺവീനർമാരായും, ഫാ. അലൻ കെ. വർഗീസ്, ഫാ. ജോൺ ശങ്കരത്തിൽ കോർ എപ്പിസ്ക്കോപ്പാ, ഫാ. തോമസ് ജോർജ്, ജോയി മാത്യു, മനു വർഗീസ്, സ്കറിയ ചാക്കോ, പ്രമോദ് വി. ജേക്കബ്, റിങ്കു ജേക്കബ്, എ. വി. വർഗീസ്, കോശി മാത്യു എന്നിവർ തീർത്ഥയാത്ര കൺവീനർമാരായും, ഫാ. ജോബിൻ വർഗീസ്, സിബി വർക്കി, മാത്യു ഉലഹന്നാൻ എന്നിവർ ഫുഡ് കമ്മറ്റി കൺവീനർമാരായും ഫാ. മാത്യു കോശി, ഫാ. ബിനു മാത്യു ഇട്ടി, അനിൽമോൻ എൻ.എ., അജയ് റോയി എന്നിവർ ലൈറ്റ് & സൗണ്ട് കൺവീനർമാരായും തെരഞ്ഞെടുത്തു. ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ പെരുന്നാൾ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.



അയർലണ്ട് ഡെലവിൻ കോപ്റ്റിക്ക് ഓർത്തഡോക്സ് സഭയുടെ സെന്റ് ജോർജ് കോൺവന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് സന്ദർശിച്ചു.




വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കന്ററി സ്കൂളിൽ പുതുതായി വാങ്ങിയ ബസിന്റെ കൂദാശാകർമ്മം പരുമല സെമിനാരിയിൽ വച്ചു സ്കൂൾസ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



**പിരളശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളി ഇടവകാംഗവും, പസഭാ മാനേജിങ് കമ്മിറ്റി അംഗവും, ചെങ്ങന്നൂർ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടറുമായ ചാരുനിൽക്കുന്നതിൽ കാരുണ്യയിൽ ജേക്കബ് ഉമ്മന് ഏഷ്യൻ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ഗ്ലോബൽ ഹ്യൂമൻ റൈറ്റ്സ് ട്രസ്റ്റിന്റെ സാമ്പത്തിക, സഭാ നേതൃത്വ മേഖലയിലെ ഓണററി ഡോക്ടറേറ്റ് ലഭിച്ചു.**



**കേരള യൂണിവേഴ്സിറ്റി എം.എസ്.സി. (ജ്യോഗ്രഫി) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അജന എ. ജെ. തിരുവനന്തപുരം, ഭദ്രാസനത്തിൽ ആലമ്പാറ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

# സമകാലീന കാലഘട്ടത്തിലെ ഓർത്തഡോക്സ് മാർഗത്തിന്റെ സാംഗത്യവും വെല്ലുവിളികളും



**ഫാ. ജോബ് സാം മാത്യു**
**(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)**

ഓർത്തഡോക്സി ഒരു മാർഗ്ഗവും ജീവിതശൈലിയുമാണ്. ഇത് മനുഷ്യാവതാരം ചെയ്ത വചനമാം ദൈവമായ യേശുക്രിസ്തു, ഇഹലോക ജീവിതത്തിലൂടെ നമുക്കു മുമ്പായി ആവിഷ്കരിച്ചതും പരിശുദ്ധാത്മ നിറവിൽ പിതാവാം ദൈവത്തിന്റെ മഹത്വത്തിനായി യേശുക്രിസ്തുവിന്റെ ശരീരവും മണവാട്ടിയുമായ പരിശുദ്ധ സഭയെ ഭരമേല്പിച്ചതുമാണ്. അപ്പോസ്തോലന്മാർ പാലിച്ചതും കാതോലികവും അപ്പോസ്തോലികവും ഏകവും വിശുദ്ധവുമായ സഭയെ ഭരമേല്പിച്ചതുമായ സത്യവിശ്വാസം വ്യക്തിപരവും സാമൂഹികവുമായി ആവിഷ്ക്കരിക്കുന്നതുമാണ് ഓർത്തോഡോക്സി. ഇത് കേവലം അമൂർത്തമായ ഒരു ആശയമോ തത്വചിന്തയോ അല്ല. മറിച്ച് ഇത് ആദിമസഭ മുതൽ ഇന്നയോളം പിന്തുടരുന്നതാണ്. എല്ലാക്കാലത്തേയും പോലെ ഇന്നും ഓർത്തഡോക്സിയും അതിന്റെ ആവിഷ്കാരവും വെല്ലുവിളികൾ നേരിടുന്നുണ്ട്. അവയിൽ പ്രധാനമായത് ചുവടെ രേഖപ്പെടുത്തുന്നു.

**1. പരിശുദ്ധ സഭയുടെ വിശുദ്ധ പാരമ്പര്യത്തെ അവഗണിക്കുന്നു.**

വിശുദ്ധ പാരമ്പര്യത്തിൽ വിശുദ്ധ ഗ്രന്ഥവും സഭാ പിതാക്കന്മാരുടെ രചനകളും വിശ്വാസപ്രമാണവും കാനോൻ നിയമങ്ങളും ആരാധനക്രമവും ഉൾപ്പെടുന്നു. എന്നാൽ പാരമ്പര്യം എന്നത് നിർജീവവും കാലഹരണപ്പെട്ടതുമാണ് എന്ന തെറ്റിദ്ധാരണയിൽ ഇതിനെ അവഗണിക്കുകയും, നവനവമായ ആശയധാരകളെ ശ്രേഷ്ഠമെന്ന് പരിഗണിച്ചു ആശ്ലേഷിക്കുന്നതുമായ നിലപാട് ഇന്ന് സ്വീകരിക്കുന്നു. വിശുദ്ധ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ജീവിതശൈലിയാണ് ഓർത്തഡോക്സ് സഭാംഗങ്ങളായ നാം പിന്തുടരേണ്ടത് എന്ന് മറന്നുപോകുന്നു.

**2. ആരാധനാബന്ധിതമല്ലാത്ത കൂട്ടായ്മകൾ**

പരിശുദ്ധ സഭയുടെ ഏറ്റവും സുപ്രധാനമായ ആരാധനാസന്ദർഭം വിശുദ്ധ കുർബാനയാണ്. മറ്റെല്ലാ കൗദാശികവും ആരാധനാപരവുമായ സന്ദർഭങ്ങളും വിശുദ്ധ കുർബാനയോടു ചേരുമ്പോൾ മാത്രമാണ് പൂർണവും അനുഗ്രഹീതവുമാകുക. ഒരേ വിശ്വാസം പുലർത്തുന്നവർ മാത്രമാണ് വിശുദ്ധ കുർബാനയിൽ പങ്കാളികളാവുക. എന്നാൽ ആരാധനയ്ക്കു പ്രാധാന്യം നൽകാത്ത വിധത്തിൽ സമ്മേളനങ്ങളും കൂട്ടായ്മകളും ശക്തിപ്രകടനങ്ങളും പെരുകിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഒരു യോഗം തുടങ്ങുന്നതിനു മുമ്പും യോഗം അവസാനിപ്പിക്കുമ്പോഴും ഔപചാരികതയുടെ പേരിൽ മാത്രം നടത്തുന്നതായി ആരാധന പരിമിതപ്പെടുത്തുന്നു. പള്ളിയിൽ ആരാധന നടക്കുമ്പോൾ ഭക്ഷണം തയ്യാറാക്കൽ, പിരിവുകൾ, സംഘടനാപ്രവർത്തനം മുതലായവ ക്രമീകരിക്കുന്നു. ഓഫീസ് മുറികളിലും പള്ളി പരിസരങ്ങളിലും അലസമായി സഭാംഗങ്ങൾ നിൽക്കുന്നു. ഇപ്രകാരം ആരാധനയ്ക്കുള്ള പ്രഥമവും ശ്രേഷ്ഠവുമായ സ്ഥാനത്തെ പരിഗണിക്കാത്ത വിധത്തിൽ ചെറുതും വലുതുമായ കൂട്ടായ്മകൾ സംഘടിപ്പിക്കപ്പെടുന്നു. അങ്ങനെ ഓർത്തഡോക്സി ആരാധനാബന്ധിതമാണ് എന്ന് വിസ്മരിക്കുന്നു.

**3. മതങ്ങളിൽ ഒന്ന്, സഭകളിൽ ഒന്ന്, ജീവിതശൈലികളിൽ ഒന്ന്.**

വൈവിധ്യങ്ങളുടെയും സങ്കീർണതയുടെയും ബഹുസ്വരതയുടെയും എക്യുമെനിസത്തിന്റെയും ലോകത്തിൽ അനവധി മതങ്ങളും സഭകളും പ്രസ്ഥാനങ്ങളും ജീവിതശൈലികളും ഉണ്ട്. അവയിൽ ഒന്നുമാത്രമാണ് ഓർത്തഡോക്സിയും എന്ന തെറ്റിദ്ധാരണ ഈ കാലഘട്ടത്തിൽ വിശ്വാസികളുടെ മനസ്സിൽ ആഴപ്പെടുന്നുണ്ട്. ഓർത്തഡോക്സി സത്യവും യുക്തിപരവും സുതാര്യവും പാരമ്പര്യാധിഷ്ഠിതവും അപ്പോസ്തോലികവും വിശുദ്ധവുമായ ജീവിതശൈലിയാണ് എന്നു പ്രബോധിപ്പിക്കുവാനും അതിനനുസൃതമായി പരിശീലിപ്പിക്കുവാനും മറന്നുപോകുന്നു. അനേകം എണ്ണത്തിൽ ഒന്നുമാത്രം എന്ന നിലയിൽ വിലയിരുത്തപ്പെടുമ്പോൾ ഓർത്തഡോക്സിക്കു നൽകിയിരുന്ന പ്രഥമവും ഏകവുമായ സ്ഥാനം നഷ്ടമാകുന്നു. പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഉപദേശം വിസ്മരിക്കരുത്; 'നിങ്ങളുടെ മക്കളെ, അവർ ദൈവത്തിന്റെ മക്കളായിത്തീരുവാൻ തക്കവണ്ണം അവരെ സത്യവിശ്വാസത്തിലും സത്യനടപടികളിലും ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ.'

**4. സംഘടനകളെ ശ്രദ്ധിച്ച് സഭയെ മറക്കുന്നു.**

പരിശുദ്ധ സഭയിൽ ധാരാളം സംഘടനകൾ (പ്രസ്ഥാനങ്ങൾ) കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ചിട്ടയോടും ജനപങ്കാളിത്തത്തോടും കൂടെ ക്യാമ്പുകളും കോൺഫറൻസുകളും തിരഞ്ഞെടുപ്പുകളും കലാ-കായിക മത്സരങ്ങളും സംഘടനാ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എന്നാൽ ആരാധനയ്ക്കും പഠനത്തിനും സുവിശേഷീകരണത്തിനും സംഘടനാ പ്രവർത്തനത്തിലതീതമായ പ്രാധാന്യം നൽകുന്നുണ്ടോ എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. സംഘടനയ്ക്കു അമിത പ്രാധാന്യം കൽപ്പിക്കുകയും പരിശുദ്ധ സഭക്കും യേശുക്രിസ്തു ഭരമേല്പിച്ച ദൗത്യ നിർവഹണത്തിനും (മത്തായി 28:18-20) ശ്രദ്ധ നൽകാത്തതുമായ രീതി ഓർത്തഡോക്സിക്കു വിരുദ്ധമാണ്. എല്ലാ സംഘടനകളും ഓർത്തഡോക്സിയെ പരിരക്ഷിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും ഉദ്ദേശ്യമാക്കി സ്ഥാപിതമായിട്ടുള്ളതാണ്. ഓർത്തഡോക്സി പഠിക്കുന്നതിനും പരിശീലിക്കുന്നതിനുമുള്ള വേദികളും പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുക എന്നതിനു മുൻഗണന നൽകേണ്ടത് അനിവാര്യമാണ്.

**5. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള മടിയും വൈകലും**

പുതിയ ആശയധാരകൾ ധാരാളം രൂപപ്പെട്ടുവരുന്ന ഒരു കാലയളവാണ് ഇത്. നിർമ്മിത ബുദ്ധിയുടെയും (Artificial Intelligence) ട്രാൻസ്ഹ്യൂമനിസത്തിന്റെ (Transhumanism) യും ഈ കാലയളവിൽ ആനുകാലിക പശ്ചാത്തലത്തിൽ രൂപപ്പെടുന്നതും വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നതുമായ ആശയങ്ങളെക്കുറിച്ചു വിശ്വാസസമൂഹം മനസ്സിലാക്കുന്നുണ്ട്. അറിവിന്റെ വിശാലമായ ലോകം വിരൽത്തുമ്പിൽ ലഭ്യമായതോടെ സംശയങ്ങളും ചോദ്യങ്ങളും അഭിപ്രായങ്ങളും പെരുകി. എന്നാൽ ഇവയെ ഭയന്നു പിന്മാറുന്ന നിലപാട് നാം സ്വീകരിക്കുമ്പോൾ വെല്ലുവിളി രൂക്ഷമാകും. പലപ്പോഴും സഭയുടെയും പ്രബോധകരുടെയും പ്രതികരണങ്ങൾ ഏറെ വൈകിപ്പോകുന്നുണ്ട്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കുവാൻ മടിയും വിമുഖതയും കാണിക്കുന്നതു വഴി ഓർത്തഡോക്സി കാലഹരണപ്പെട്ടതാണ് എന്ന തെറ്റിദ്ധാരണ വിശ്വാസികളുടെ മനസ്സിൽ കടന്നു കയറുവാൻ ഇടയാകും. മനുഷ്യൻ ദൈവതുല്യനാകുന്നതു സ്വപ്നം കാണുന്നതും അതിനായി പരിശ്രമിക്കുന്നതുമായ ഈ കാലയളവിൽ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ ദൗത്യം മനസ്സിലാക്കി മുന്നോട്ടു പോകുവാൻ ആവശ്യമായ മാർഗ്ഗനിർദേശവും പ്രചോദനവും പരിശീലനവും നൽകേണ്ടതുണ്ട്.

**6. കരുണാർദ്രമായ ഇടപെടലുകളിൽ നിന്നുള്ള പിന്മാറ്റം**

ഓർത്തഡോക്സ് സഭയുടെ ഭാഗമായ നാം ഓർത്തോപ്രാക്സിയും (Orthopraxy) നിർവഹിക്കണം. അത് സമൂഹത്തിൽ ദാരിദ്ര്യവും ഏകാന്തതയും തിരസ്കരണവും ചൂഷണവും അനുഭവിക്കുന്നവരുടെ പക്ഷംചേരലാണ്. തന്റെ മേൽ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം എന്തെന്ന് നസ്രേത്തിലെ സിനഗോഗിൽ യേശു വെളിപ്പെടുത്തി (ലൂക്കോസ് 4:18-19). കാണാതെ പോയതിനെ അന്വേഷിച്ചു കണ്ടെത്തുന്നതിനും രക്ഷിക്കുന്നതിനും താൻ കടന്നുവന്നിരിക്കുന്നു എന്ന് സക്കായിയുടെ ഭവനത്തിൽ യേശു ഓർമ്മപ്പെടുത്തി (ലൂക്കോസ് 19:10). ഈ ദൗത്യം അപ്പോസ്തോലിക സമൂഹത്തെ ഭരമേൽപ്പിച്ചു. ആവശ്യക്കാരുടെ അരികിലേക്ക് ഉത്സാഹത്തോടെ ചെന്ന്, അവരെ വിമോചിപ്പിക്കുന്നതിനും ഉദ്ധരിക്കുന്നതിനും ആവശ്യമായ കർമ്മങ്ങളിൽ ഏർപ്പെടണമെന്ന് അവൻ പഠിപ്പിച്ചു. എന്നാൽ ഇത് പേരിനും പ്രശസ്തിക്കും ആകരുത് എന്നും നിഷ്കർഷിച്ചു (മത്തായി 6:1-4). കരുണാർദ്രമായ ഇടപെടൽ കുറഞ്ഞുപോയാൽ സഭയുടെ സാക്ഷ്യം പരിമിതപ്പെടും. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വെളിപ്പെടുത്താനുള്ള സഭയുടെ ഈ ഉത്തരവാദിത്തം, മാതൃകാപരമായി ഇന്ന് നിർവഹിക്കുന്നുവോ എന്ന് വിലയിരുത്തണം.

ഓർത്തഡോക്സി ഒരു ജീവിതശൈലിയായി സഭാംഗങ്ങൾ ഏവരും സ്വീകരിക്കണമെങ്കിൽ ഓരോ വ്യക്തിയുടെയും ശരിയായ അഭ്യസനം അനിവാര്യമാണ്. കൃത്യമായി ഇതു പാലിക്കുന്ന വ്യക്തികളും കേന്ദ്രങ്ങളും ആശ്രമങ്ങളും ഉണ്ടാകണം. ശരിയായ ഓർത്തഡോക്സ് ലോകവീക്ഷണത്തോടുകൂടി നാം മുന്നോട്ടു പോകണം. ഓർത്തഡോക്സ് ഒരു ജീവിതശൈലിയാകുന്നത് പരിശുദ്ധ സഭയോടും ആരാധനയോടും വിശുദ്ധ പാരമ്പര്യത്തോടും ചേർന്നു ജീവിക്കുമ്പോൾ മാത്രമാണ്. ഇതിനെ സംബന്ധിച്ച് പുസ്തകങ്ങളിൽ നിന്നും നവമാധ്യമങ്ങളിൽ നിന്നും അറിവ് ആർജ്ജിക്കുന്നതു കൊണ്ട് മാത്രം പൂർണ്ണമാകുന്നില്ല. മറിച്ച് ഓർത്തഡോക്സി ജീവിതാനുഭവമാകണം. ഈ ദൗത്യം ഫലപ്രദമായി നിർവഹിക്കുവാൻ ഓർത്തഡോക്സ് സഭയുടെ കാവൽ ഭടന്മാരായ പുരോഹിതർ ജാഗ്രതയും ഉത്സാഹവും ക്രിയാത്മകതയും കാണിക്കണം.



**റഷ്യൻ ഓർത്തഡോക്സ് സഭാ പ്രതിനിധി സംഘം പത്തനാപുരം ദയറാ സന്ദർശിച്ചു. ഡോ. ജോസഫ് മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ ദയറാംഗങ്ങളും സിസ്റ്റേഴ്സും സ്വീകരിച്ചു.**



## പൗലോസ് മാർ ഗ്രീഗോറിയോസ് അനുസ്മരണ സമ്മേളനം

കോട്ടയം: ലോകസമാധാനത്തിനും നീതിക്കുമായി രാജ്യാന്തരതലത്തിൽ രാഷ്ട്രീയ ഇടപെടലുകൾക്കും സംവാദങ്ങൾക്കും നേതൃത്വം നൽകിയ ദാർശനികനായിരുന്നു ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്ന് റോയി ഇൻറർ നാഷണൽ ചിൽഡ്രൻസ് ഫൗഡേഷൻ പ്രസിഡൻറ് ഡോ. ചെറിയാൻ ഈപ്പൻ പറഞ്ഞു. സഭകളുടെ ഐക്യത്തിനും മതസൗഹാർദ്ദത്തിനും നേതൃത്വം നൽകിയ കർമ്മയോഗിയായിരുന്നു അദ്ദേഹം.

ഓർത്തഡോക്സ് സെമിനാരിയിൽ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ നടത്തിയ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സെമിനാരി ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ് അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഫാ. ഡോ ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഡീക്കൻ വിപിൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.



**അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം മലബാർ മേഖല പ്രധാന ശുശ്രൂഷക സമ്മേളനം പുതുപ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്നു. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവഹിച്ചു. ഗീവർഗീസ് മാർ പാക്കോമിയോസ് മെത്രാപ്പോലീത്ത അനുഗ്രഹ സന്ദേശം നൽകി. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്താ ക്ലാസ് നയിച്ചു.**





**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമ വിഭാഗമായ കാതോലിക്കേറ്റ് ഓൺലൈൻ മീഡിയയിൽ കണ്ടെന്റ് മാനേജരായി ഫാ. ഡോ. ഏബ്രഹാം കോശി കുന്നുംപുറത്തിനെയും, കമ്മ്യൂണിറ്റി ഓൺലൈൻ മീഡിയ മാനേജരായി ഫാ. ഷിബു ടോം വർഗീസിനെയും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു.**



**Visit of Russian Delegates from the Holy Trinity-St. Sergius Lavra Monastery and Moscow Theological Academy, led by Fr. Dr. Nestor Volcov, at Orthodox Theological Seminary, Kottayam – Holy Qurbana and Interactive Session**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



# ഹവ്വ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ആദാമിന്റെ വാരിയെല്ലിൽ നിന്ന് ദൈവം സൃഷ്ടിച്ചവൾ. മനുഷ്യപതനത്തിന്റെ കഥയുടെ കേന്ദ്രബിന്ദു. നിഷിദ്ധമായ ഫലം ഭക്ഷിക്കാൻ സർപ്പത്താൽ പ്രലോഭിപ്പിക്കപ്പെട്ടവൾ. യഥാർത്ഥ പാപത്തിലേക്ക് നയിക്കുന്നത്. ആദ്യ സ്ത്രീയായി ബൈബിൾ ചിത്രീകരിച്ചവൾ. ആദാമിന്റെ പങ്കാളിയും സഹായിയും. എന്നിങ്ങനെ പല വിശേഷണങ്ങളിലൂടെ അറിയപ്പെടുന്ന ഹവ്വയുടെ സ്വഭാവസവിശേഷതകൾ പല തലങ്ങളിലൂടെ നമുക്ക് നിരീക്ഷിക്കാം.

**1. ശാരീരിക തലത്തിൽ**

ഉല്പത്തി 2:18-ൽ ദൈവം പ്രഖ്യാപിക്കുന്നു, 'മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, ഞാൻ അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും.' ആദാമിന്റെ വാരിയെല്ലിൽ നിന്ന് അവന്റെ പങ്കാളിയും സഹായിയും ആയി ഹവ്വ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (ഉല്പത്തി 2:21-23). സൃഷ്ടിയുടെ വിവരണത്തിൽ അവളുടെ പരസ്പര പൂരകമായ പങ്ക് ഇത് സൂചിപ്പിക്കുന്നു. ഹവ്വായുടെ സൃഷ്ടി, ആദാമിനെ സഹായിക്കാനും പിന്തുണയ്ക്കാനും സൃഷ്ടിക്കപ്പെട്ടതിനാൽ, അവന്റെ കീഴ് വഴക്കത്തിനല്ല, മറിച്ച് ഭൂമിയെ പരിപാലിക്കുക എന്ന പങ്കിട്ട ഉദ്ദേശ്യത്തിൽ അവനെ പൂർണമാക്കാനാണ് അവളെ നിർമ്മിച്ചിരിക്കുന്നത്.

അവളുടെ സൃഷ്ടിയുടെ സമയത്ത്, ഹവ്വ നിരപരാധിയും പാപത്താൽ കളങ്കമില്ലാത്തവളുമായി ചിത്രീകരിക്കപ്പെടുന്നു. അവൾ ദൈവത്തോടും ആദാമിനോടും സൃഷ്ടിയോടും യോജിപ്പിലാണ്. അവളുടെ ശാരീരിക രൂപത്തെക്കുറിച്ച് ബൈബിൾ കൂടുതൽ വിശദമായി പറയുന്നില്ല, എന്നാൽ അവൾ 'വളരെ നല്ലവളായി' (ഉല്പത്തി 1:31) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് അവൾ ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനത്തിന്റെ തികഞ്ഞ പ്രതിഫലനമാണ്. ഹവ്വായുടെ സൗന്ദര്യം ശാരീരികം മാത്രമല്ല, ആത്മീയവുമാണ്, കാരണം അവൾ ആദാമിനെപ്പോലെ ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൾ സൃഷ്ടിക്കപ്പെട്ട ഐക്യം വീഴ്ചയ്ക്ക് മുമ്പുള്ള വിശുദ്ധിയുടെയും സമ്പൂർണ്ണതയുടെയും അവസ്ഥയെ സൂചിപ്പിക്കുന്നു.

**2. വൈകാരിക തലത്തിൽ**

ഹവ്വായുടെ കഥയിലെ ഏറ്റവും നിർണായകമായ നിമിഷങ്ങളിലൊന്ന് ഏദൻ തോട്ടത്തിൽ സർപ്പവുമായുള്ള കണ്ടുമുട്ടലാണ്. ഉല്പത്തി 3:1-6-ൽ, ഹവ്വാ സർപ്പവുമായി ഇടപഴകാനുള്ള ആകാംഷയും സന്നദ്ധതയും പ്രകടിപ്പിക്കുന്നു, അത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് വിലക്കപ്പെട്ട ഫലം ഭക്ഷിക്കാൻ അവളെ പ്രലോഭിപ്പിക്കുന്നു. സർപ്പത്തിന്റെ വഞ്ചനാപരമായ ചോദ്യം ('ദൈവം ശരിക്കും പറഞ്ഞോ...?') ദൈവത്തിന്റെ കല്പനയെ ഹവ്വ സംശയിക്കാൻ ഇടയാക്കുന്നു. ഈ നിമിഷം പ്രലോഭനത്തിനുള്ള അവളുടെ ദുർബലതയും എതിരാളിയുടെ നുണകൾ വിശ്വസിക്കാനുള്ള അവളുടെ സാധ്യതയും എടുത്തുകാണിക്കുന്നു.

ഫലം ഭക്ഷിക്കാനും പിന്നീട് ആദാമിന് നൽകാനുമുള്ള ഹവ്വയുടെ തീരുമാനം, മനുഷ്യരാശിയുടെ കൃപയിൽ നിന്ന് വീഴുന്ന നിമിഷത്തെ അടയാളപ്പെടുത്തുന്നു. സർപ്പം വാഗ്ദാനം ചെയ്തതുപോലെ ജ്ഞാനം നേടാനും ദൈവത്തെപ്പോലെ ആകാനുമുള്ള ആഗ്രഹത്തിൽ അവൾ പ്രവർത്തിക്കുമ്പോൾ അവളുടെ പ്രവർത്തനങ്ങൾ ആവേശത്തിന്റെയും അനുസരണക്കേടിന്റെയും സ്വഭാവവിശേഷങ്ങൾ പ്രകടമാക്കുന്നു (ഉല്പത്തി 3:5). ദൈവം നൽകിയതിലും അപ്പുറമുള്ള എന്തെങ്കിലും നേടാനുള്ള ഈ ആഗ്രഹം അവളുടെ സ്വഭാവത്തിന്റെ ആഴത്തിലുള്ള ഒരു വശം വെളിപ്പെടുത്തുന്നു: ദൈവത്തിന്റെ കരുതലിലും ജ്ഞാനത്തിലും പൂർണ്ണമായി ആശ്രയിക്കാതെ സ്വയംഭരണത്തിനും അറിവിന്റെ പിന്തുടരലിനും വേണ്ടിയുള്ള ആഗ്രഹം.

ആദാമിനെ സ്വാധീനിക്കുന്നതിൽ ഹവ്വായും ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവൾ ഫലം ഭക്ഷിച്ച ശേഷം അവൾ അത് ആദാമിന് നൽകുന്നു, അവനും അത് ഭക്ഷിക്കുന്നു (ഉല്പത്തി 3:6). ഈ പ്രവൃത്തി മനുഷ്യബന്ധങ്ങളുടെ ആഘാതത്തെയും അനുസരണക്കേടിന്റെ പങ്കിട്ട ഉത്തരവാദിത്തത്തെയും അടിവരയിടുന്നു. ഹവ്വ ഫലം ഭക്ഷിച്ച ശേഷം, അവളും ആദാമും തങ്ങളുടെ നഗ്നതയെക്കുറിച്ച് ബോധവാന്മാരാകുകയും നാണക്കേട് അനുഭവിക്കുകയും ചെയ്യുന്നു, ഇത് നിരപരാധിത്വം നഷ്ടപ്പെടുന്നതിന്റെ സൂചനയാണ്. ഉല്പത്തി 3:9-13-ൽ ദൈവം അവരെ അഭിമുഖീകരിക്കുമ്പോൾ, ആദാമിനെപ്പോലെ ഹവ്വായും ഉത്തരവാദിത്തത്തിൽ നിന്ന് വ്യതിചലിക്കാൻ ശ്രമിക്കുന്നു. തന്നെ ചതിച്ചതിന് പാമ്പിനെ കുറ്റപ്പെടുത്തുന്നു, 'സർപ്പം എന്നെ ചതിച്ചു, ഞാൻ തിന്നു.' ഈ പ്രതികരണം തന്റെ പ്രവൃത്തികളുടെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള ഹവ്വയുടെ വിമുഖത വ്യക്തമാക്കുകയും കുറ്റപ്പെടുത്തലിന്റെ പ്രമേയം അവതരിപ്പിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, ഹവ്വായുടെ കഥ പരാജയത്തിന്റെ ഈ നിമിഷത്തിൽ മാത്രം അവസാനിക്കുന്നില്ല. ദൈവത്തിന്റെ വ്യക്തമായ കല്പനയെ വകവയ്ക്കാതെ (ഉല്പത്തി 2:16-17) നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഫലം തിന്നാനുള്ള ഹവ്വായുടെ തീരുമാനം പാപത്തെ ലോകത്തിലേക്ക് കൊണ്ടുവരുന്നു. ഈ അനുസരണക്കേട് അവൾക്കും മനുഷ്യത്വത്തിനും അനന്തരഫലങ്ങൾ കൊണ്ടുവരുന്നു-പ്രസവത്തിലെ വേദന, ആദാമുമായുള്ള ബന്ധം, ഏദനിൽ നിന്ന് പുറത്താക്കൽ (ഉല്പത്തി 3:16-19). തുടർന്നുള്ള അനന്തരഫലങ്ങളിൽ, ദൈവത്തിന്റെ ന്യായവിധിയോട് അവൾ പ്രതികരിക്കുന്ന രീതിയിലും ഹവ്വായുടെ സ്വഭാവം വെളിപ്പെടുന്നു. അവളുടെ അനുസരണക്കേടിന് ശിക്ഷിക്കപ്പെട്ടെങ്കിലും, അവളുടെ സന്തതി ഒടുവിൽ സർപ്പത്തിന്റെ തല തകർക്കും (ഉല്പത്തി 3:15) എന്ന വാഗ്ദാനത്തിലൂടെ അവൾക്ക് വീണ്ടെടുപ്പിനുള്ള പ്രത്യാശ നൽകുന്നു, ഇത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പ്രവാചക പരാമർശമാണ്.

**3. ആത്മീയതലത്തിൽ**

വീഴ്ചയ്ക്കുശേഷം, ഹവ്വയ്ക്ക് 'ജീവിക്കുന്ന എല്ലാവരുടെയും അമ്മ' എന്ന പദവി നൽകപ്പെടുന്നു (ഉല്പത്തി 3:20). ഇത് മാനവികതയുടെ പൂർവ്വികയെന്ന നിലയിൽ അവളുടെ പങ്ക് അടയാളപ്പെടുത്തുന്നു. അവൾ ആദ്യത്തെ അമ്മയാകുന്നു, മനുഷ്യരാശിയുടെ വീണ്ടെടുപ്പിനുള്ള സാധ്യതയിലേക്ക് നയിക്കുന്നു. ഹവ്വായുടെ പ്രസവവേദനയുടെ അനുഭവങ്ങൾ (ഉൽപത്തി 3:16) മനുഷ്യരുടെ കഷ്ടപ്പാടുകളുടെ തുടക്കത്തെ അടയാളപ്പെടുത്തുന്നു, എന്നിരുന്നാലും അവർ രക്ഷയുടെ വിശാലമായ വിവരണത്തിലേക്കും വിരൽ ചൂണ്ടുന്നു. അവളുടെ പിൻഗാമികൾ ഒടുവിൽ തിന്മയെ പരാജയപ്പെടുത്തുമെന്ന വാഗ്ദാനം കാണിക്കുന്നത് അവളുടെ പരാജയം അവളുടെ ജീവിതത്തെക്കുറിച്ചോ മനുഷ്യരാശിയുടെ വിധിയെക്കുറിച്ചോ ഉള്ള അവസാന വാക്കല്ല എന്നാണ്. അവളുടെ മാതൃത്വം ഭാവി പ്രത്യാശയുടെയും പുനഃസ്ഥാപനത്തിന്റെയും സാധ്യത വഹിക്കുന്നു, ക്രിസ്തീയ വിശ്വാസമനുസരിച്ച്, ആത്യന്തികമായി പാപത്തെയും മരണത്തെയും കീഴടക്കുന്ന യേശുക്രിസ്തുവിന്റെ ജനനത്തിൽ കലാശിക്കുന്നു.

ബൈബിൾ വിവരണത്തിലുടനീളം, ഹവ്വാ മനുഷ്യന്റെ ബലഹീനതയുടെ പ്രതീകമായും പ്രത്യാശയുടെ പ്രതിനിധാനമായും വ്യാഖ്യാനിക്കപ്പെടുന്നു. ഏദനിലെ അവളുടെ പ്രവൃത്തികൾ പ്രലോഭനത്താൽ വശീകരിക്കപ്പെടാനും ദൈവഹിതത്തോട് അനുസരണക്കേട് കാണിക്കാനുമുള്ള മാനുഷിക പ്രവണതയെ എടുത്തുകാണിക്കുന്നു. ഈ അനുസരണക്കേടിന്റെ പ്രവൃത്തി യഥാർത്ഥ പാപമായി കാണുന്നു, അത് ലോകത്തിലേക്ക് കഷ്ടപ്പാടും മരണവും കൊണ്ടുവന്നു. അതിനാൽ, ഹവ്വാ, കൃപയിൽ നിന്നുള്ള മനുഷ്യരാശിയുടെ വീഴ്ചയെയും ലോക

ത്തിലേക്കുള്ള പാപത്തിന്റെ പ്രവേശനത്തെയും പ്രതിനിധീകരിക്കുന്നു. എന്നിരുന്നാലും, ഹവ്വായുടെ കഥ വീണതിന്റെ കഥ മാത്രമല്ല, പ്രത്യാശയുടേതും കൂടിയാണ്, കാരണം അവളുടെ പിൻഗാമികൾ, പ്രത്യേകിച്ച് യേശുക്രിസ്തുവിലൂടെ, ആത്യന്തികമായി മനുഷ്യരാശിക്ക് മോചനം നൽകും.

യേശുവിന്റെ അമ്മയായ മറിയയെ 'രണ്ടാം ഹൗവ്വ' എന്ന് വിളിക്കാറുണ്ട്. മനുഷ്യരാശിയുടെ പതനത്തിൽ ഹവ്വാ നിർണായക പങ്ക് വഹിച്ചതുപോലെ, രക്ഷകന്റെ അമ്മയെന്ന നിലയിൽ മറിയം മനുഷ്യരാശിയുടെ വീണ്ടെടുപ്പിൽ പ്രധാന പങ്ക് വഹിക്കുന്നു എന്ന ആശയത്തിൽ നിന്നാണ് 'രണ്ടാം ഹൗവ്വ' എന്ന ആശയം ഉടലെടുക്കുന്നത്. ഈ ദൈവശാസ്ത്ര ചട്ടക്കൂടിൽ, രണ്ടാം ആദം ആയ യേശുവിന് ജന്മം നൽകിക്കൊണ്ട്, ഹവ്വായുടെ അനുസരണക്കേട് മൂലമുണ്ടായ നാശനഷ്ടങ്ങൾ മാറ്റുന്നതിൽ പങ്കുവഹിക്കുന്ന അനുസരണയുള്ള ഒരു വ്യക്തിയായി മറിയയെ കാണുന്നു. രണ്ടാം ഹൗവ്വ എന്ന പദം മാനവരാശിയുടെ രക്ഷയിൽ മറിയയുടെ പങ്കിനെ ഊന്നിപ്പറയുന്നു, അത് ദൈവഹിതം അംഗീകരിക്കുന്നതിലൂടെ സാധ്യമായതാണ്. വീഴ്ചയിൽ ഹവ്വായുടെ പങ്കുമായി ഇത് വ്യത്യസ്തമാണ്, അവിടെ അവളുടെ അനുസരണക്കേട് പാപം ലോകത്തിലേക്ക് പ്രവേശിക്കുന്നതിലേക്ക് നയിച്ചു.

മാനവികതയുടെ പുനഃസ്ഥാപനത്തിൽ മറിയയുടെ പങ്ക് പ്രധാനമാണ്. ഒന്നും രണ്ടും ഹവ്വായുടെ ആശയം രണ്ട് സ്ത്രീകൾ തമ്മിലുള്ള സമാന്തരവും വൈരുദ്ധ്യവും ഉയർത്തിക്കാട്ടുന്നു, ദൈവത്തോടുള്ള മറിയയുടെ അനുസരണം ഹവ്വായുടെ അനുസരണക്കേട് തിരുത്തുന്നതായി എങ്ങനെ കാണുന്നുവെന്നും യേശുവിന്റെ ത്യാഗം മറിയത്തിലൂടെ നഷ്ടപ്പെട്ടതിന് എങ്ങനെ വീണ്ടെടുപ്പ് നൽകുന്നുവെന്നും വ്യക്തമാക്കുന്നു.

ലോകത്തിന് രക്ഷ നൽകുന്ന 'രണ്ടാം ആദം' ക്രിസ്തുവാണെന്ന ആശയത്തിനും ഹവ്വായുമായി സമാന്തരമുണ്ട്. വീണ്ടെടുപ്പിനുള്ള സാധ്യതകളിലേക്കും പുനഃസ്ഥാപനത്തിനുള്ള പ്രത്യാശയിലേക്കും ലോകത്തിൽ നടക്കുന്ന ദൈവത്തിന്റെ വേലയിൽ സ്ത്രീകളുടെ പങ്കിലേക്കും ബൈബിൾ വിരൽ ചൂണ്ടുന്നു. ഹവ്വായുടെ പൈതൃകം വീഴ്ചയുടെയും വീണ്ടെടുപ്പിന്റെയും വിശാലമായ വിവരണവുമായി ഇഴചേർന്നിരിക്കുന്നു. അനുസരണക്കേടിന്റെ അനന്തരഫലങ്ങളെക്കുറിച്ചും ക്രിസ്തുവിലൂടെയുള്ള പുനഃസ്ഥാപനത്തിന്റെ അന്തിമ വാഗ്ദാനത്തെക്കുറിച്ചും വായനക്കാരെ ഓർമ്മിപ്പിക്കുന്നു.

ചുരുക്കത്തിൽ ബൈബിളിലെ ഹവ്വായുടെ കഥാപാത്രം ബഹുമുഖമാണ്. അവൾ ആദാമിന്റെ ഒരു കൂട്ടാളിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, നിഷ്കളങ്കതയും സൗന്ദര്യവും നിറഞ്ഞവൾ. എന്നാൽ അവൾ പ്രലോഭനത്തിന് ഇരയാകുന്നു. ഏദൻതോട്ടത്തിലെ അവളുടെ അനുസരണക്കേടിന് ശാശ്വതമായ അനന്തരഫലങ്ങൾ ഉണ്ട്, എന്നാൽ രക്ഷയും പുനഃസ്ഥാപനവും സംബന്ധിച്ച ദൈവത്തിന്റെ വാഗ്ദത്തം ആത്യന്തികമായി നിറവേറുന്നത് അവളിലൂടെയാണ്. അവളുടെ കഥ മനുഷ്യ സ്വഭാവത്തെക്കുറിച്ചും പ്രലോഭനത്തിന്റെ വെല്ലുവിളികളെക്കുറിച്ചും വീണ്ടെടുപ്പിനുള്ള പ്രതീക്ഷയെക്കുറിച്ചും ആഴത്തിലുള്ള വിവരണമായിരിക്കുന്നു. ഹവ്വായിലൂടെ, ബൈബിൾ മനുഷ്യത്വത്തിന്റെ തകർച്ചയും നവീകരണത്തിനുള്ള സാധ്യതയും വെളിപ്പെടുത്തുന്നു, പാപത്തിൽ നിന്ന് രക്ഷയിലേക്കുള്ള ഒരു പാത വാഗ്ദാനം ചെയ്യുന്നു.

❑



## അഡ്വ. പി. സി. മാത്യുവിനെ അനുസ്മരിച്ചു

കുന്നംകുളം: കുന്നംകുളത്തിന്റെ ചരിത്രകാരനെന്ന് വിശേഷിപ്പിക്കുന്ന അഡ്വ. ഡോ. പി. സി. മാത്യുവിനെ പൗരാവലി അനുസ്മരിച്ചു. ഓർത്തഡോക്സ് സഭ കുന്നംകുളം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷനായി. നടനും എഴുത്തുകാരനുമായ വി. കെ. ശ്രീരാമൻ അനുസ്മരണ പ്രഭാഷണം നടത്തി. ബഥനി സ്കൂൾ മാനേജർ ഫാ. ബെഞ്ചമിൻ, എഴുത്തുകാരൻ രാജൻ ചുങ്കത്ത്, മാത്യു ചെമ്മണ്ണൂർ, കെ. പി. സാക്സൺ, കെ. എം. ഉണ്ണികൃഷ്ണൻ, വി. സി. ഗീവർഗീസ്, ജിന്നി കുരുവിള, ഡോ. ബാബു മാത്യു എന്നിവർ പ്രസംഗിച്ചു.




നാഗാലാൻഡ് ഫ്യുറ്റ്സിറോ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ കോളജിൽ നടന്ന സെറാംപൂർ സർവ്വകലാശാല കോൺവോക്കേഷൻ സമ്മേളനത്തിൽ കേരളത്തിൽ നിന്നും പങ്കെടുത്ത വിവിധ സെമിനാരി അദ്ധ്യാപകർ. സെറാംപൂർ പ്രസിഡന്റ് ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലിത്തായോടൊപ്പം.

## മെറിറ്റ് ഈവനിംഗ് 2025 ജനുവരി 25-ന്

കോട്ടയം: പൊതു പരീക്ഷകളിൽ മികച്ച വിജയം നേടിയവരും, കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവരും, വിവിധ അവാർഡ് ജേതാക്കളുമായ സഭാംഗങ്ങളെ അനുമോദിക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സഭ സംഘടിപ്പിക്കുന്ന മെറിറ്റ് ഈവനിംഗ് 2025 ജനുവരി 25 ഞായറാഴ്ച 2 മണിക്ക് ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ അങ്കണത്തിൽ നടക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. 2023-24 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി, തത്തുല്യ പരീക്ഷകൾ എന്നിവയിൽ എല്ലാ വിഷയങ്ങൾക്കും എ+ അല്ലെങ്കിൽ എ1 ഗ്രേഡ് നേടിയവരും, മറ്റ് പരീക്ഷകൾക്ക് (ഡിഗ്രി, പി.ജി.) മൂന്നാം റാങ്ക് വരെ നേടിയവരും, കലാ-കായിക രംഗങ്ങളിൽ ആദ്യ മൂന്നു സ്ഥാനങ്ങളിൽ വിജയം വരിച്ചിട്ടുള്ളവരുമായ വ്യക്തികളുടെ വിശദമായ ബയോഡാറ്റ (അഡ്രസ്, പാസ്പോർട്ട് സൈസ് ഫോട്ടോ, മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ ഉൾപ്പെടെ), വികാരിയുടെ സാക്ഷ്യപത്രം, സർട്ടിഫിക്കറ്റിന്റെ കോപ്പികൾ എന്നിവ സഹിതം അസ്സോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം-686 004 എന്ന വിലാസത്തിൽ 2024 ഡിസംബർ മാസം 15-ാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കരീതിയിൽ അയച്ചുതരേണ്ടതാണെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.

**തിരുവനന്തപുരം ഭദ്രാസനത്തിലെ നന്ദൻകോട് സെന്റ് ഗ്രീഗോറിയോസ് ഇടവകാംഗം ചന്ദനപ്പള്ളിൽ ഹൗസിൽ ബിജോ ബോബന്റെ ഭാര്യ അലീന റോസ് എസ്.ആർ.എം. യൂണിവേഴ്സിറ്റിയിൽ നിന്ന് നാനോ ടെക്നോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി.**



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

# ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ

## (വി. ലൂക്കോസ് 1:26–38)



ഫാ. മോൻസി ഫിലിപ്പ്
(കൊട്ടാരക്കര-പുനലൂർ ഭദ്രാസനം)

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ (വചനിപ്പ്). സഖരിയ പുരോഹിതനോടുള്ള അറിയിപ്പിനുശേഷം, ഏലിശുബ ഗർഭിണിയായതിന്റെ ആറാം മാസം ഗബ്രിയേൽ മാലാഖ മറിയത്തിന്റെ അടുക്കൽ വന്ന് ലോകരക്ഷകന്റെ ജനനത്തെക്കുറിച്ച് ദൂത് അറിയിക്കുകയും, ദൈവീക ദൂതിനെ ഭക്തിപൂർവ്വം ശ്രദ്ധിച്ച് അതിൽ വിശ്വസിച്ച് സമർപ്പിക്കുകയും ചെയ്യുന്ന മനോഹരമായ അനുഭവം. വി. കന്യകമറിയത്തിന്റെ ജീവിതത്തിൽ ദൈവികതയുടെ ചില പ്രത്യേകതകൾ.

**(a) ദൈവസ്നേഹത്തിന്റെ മാതൃചരിത്രം-കന്യകമറിയം**

റഷ്യൻ നോവലിസ്റ്റ് മാക്സിം ഗോർഖിയോട് പത്രസമ്മേളനമദ്ധ്യേ ഒരു പത്രപ്രവർത്തക ചോദിച്ചു. “മാതൃഭാഷയിൽ നിന്ന് ഒരു വാക്ക് തിരഞ്ഞെടുക്കാനേ നിങ്ങൾ അവകാശമുള്ളുവെങ്കിൽ നിങ്ങൾ ഏത് വാക്ക് തിരഞ്ഞെടുക്കും.” നിമിഷങ്ങൾക്കുള്ളിൽ ഗോർഖി മറുപടി പറഞ്ഞു ‘അമ്മ.” എല്ലാ ഭാഷയിലും മധുരമായ പദമാണ് ‘അമ്മ’. കന്യകമറിയം ദൈവസ്നേഹത്തിന്റെ മാതൃചരിത്രം പേറിയവൾ. ലോകരക്ഷകന്റെ ജനനം മനുഷ്യരോടുള്ള ദൈവസ്നേഹമാണ്. ആ സ്നേഹം മാതൃത്വവമായി ശിരസാ പേറിയവൾ വി. കന്യകമറിയം. സ്വന്ത ജീവിതം കൊണ്ട് മാനവചരിത്രം സൃഷ്ടിച്ചവൾ കന്യകമറിയം. നാം തയ്യാറാണോ?

**(b) പുതിയ വാഗ്ദാനപേടകം – കന്യകമറിയം**

‘രണ്ടാം സ്വർഗ്ഗം’ എന്ന് വിശേഷിപ്പിക്കപ്പെട്ടവൾ. യെശയ്യാ പ്രവാചകൻ യേശു ജനിക്കുന്നതിന് 750 വർഷം മുമ്പ് ‘കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവൻ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും എന്ന് പ്രസ്താവിച്ചു.’ (യെശ. 7:14) ദൈവം പ്രവാചകന്മാരിലൂടെ നൽകിയ മശിഹായുടെ ജനനത്തിന്റെ അരുളപ്പാടുകൾ വാഗ്ദാനമായി ലഭിച്ച് അതിനെ വഹിച്ച പേടകമാണ് കന്യകമറിയം. ദൈവപുത്രന് ഭൂമിയിൽ വസിക്കുവാനുള്ള കൂടാരം ഒരുക്കിയവൾ വി. കന്യകമറിയം. “എനിക്ക് ഭൂമിയിൽ വസിക്കാനുള്ള കൂടാരമാകാൻ നീ തയ്യാറാണോ? എന്ന ചോദ്യത്തിന് നമ്മുടെ മറുപടി എന്ത്?

**(c) എളിയവന്റെ അതിജീവനം – കന്യകമറിയം**

ഏതാണ് കന്യകമറിയത്തിന്റെ ദേശം. ഗലീലയിലെ നസറത്ത് (ലൂക്കോസ് 1:26), ഇസ്രായേലിന്റെ ചരിത്രത്തിൽ അപ്രധാനവും അവഗണിക്കപ്പെട്ടിരുന്നതുമായ ഒരു നഗരം നസറത്ത്. പഴയനിയമ ഗ്രന്ഥത്തിൽ ഒരിക്കലും പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ഉപേക്ഷിക്കപ്പെട്ട സ്ഥലം നസറത്ത്. ദൈവം യെശയ്യാപ്രവാചകനിൽക്കൂടെ നൽകിയിരുന്ന അരുളപ്പാട് യെഹൂദന്മാരുടെ കന്യകമാർക്കെല്ലാം തന്നെ അറിയാമായിരുന്നു. ആ കന്യക താൻ ആയിരുന്നാൽ കൊള്ളാമെന്ന് ദാവീദിന്റെ കുടുംബത്തിൽപ്പെട്ട അനേകർ ആഗ്രഹിച്ചിരുന്നു. എന്നാൽ ഗലീലയിലെ നസറേത്ത് ഗ്രാമത്തിൽ ജീവിച്ചിരുന്ന മറിയ എന്ന കന്യകയ്ക്കാണ് ആ ഭാഗ്യം ലഭിച്ചത്. എളിയവന്റെ അതിജീവനത്തിനായി ദൈവം തുടക്കമിടുന്ന പുത്തൻ രാജ്യത്തിന്റെ ആരംഭമാണിവിടെ. എളിയവന്റെ പക്ഷം പിടിക്കാൻ, ഉപേക്ഷിക്കപ്പെട്ടതിനെ തിരഞ്ഞുപിടിക്കാൻ, ഒന്നുമില്ലാത്തതിന് അർത്ഥം നൽകാൻ ദൈവം നസറത്തിൽ നിന്ന് കന്യകയുടെ ഉദരത്തിലൂടെ ലോകരക്ഷകനെ നൽകി.

വി. കന്യകമറിയത്തിന്റെ സവിശേഷതകൾ നമുക്കും ജീവിതത്തിൽ സ്വായത്തമാക്കാം.

**വേദഭാഗ ചിന്തകൾ**

**I. ദൂതന്റെ വന്ദനം കന്യകമറിയത്തിന്റെ ആശ്ചര്യം**

വി. ലൂക്കോസ് 1:26–29 – ദൈവത്തിന്റെ ഗബ്രിയേൽ മാലാഖയുടെ വന്ദനം മറിയത്തിൽ ആശ്ചര്യം ഉളവാക്കി. ദൈവികമായി അനുസരണത്തോടെ ജീവിക്കുന്നവർക്ക് അർഹിക്കാത്ത മാനം ദൈവം ഒരുക്കും എന്നുള്ളതിന്റെ ശ്രേഷ്ഠമായ മാതൃകയാണ് ദൂതന്റെ വന്ദനം. ദൂതന്റെ വന്ദനവിനും മറിയത്തിന്റെ ആശ്ചര്യത്തിനും ചില രണ്ടു പ്രത്യേകതകൾ ഉണ്ട്.

**(A) കൃപ ലഭിച്ചവൾ (വി. ലൂക്കോസ് 1:28)**

മനുഷ്യകുലത്തിനു സർവ്വശക്തനായ ദൈവത്തിന്റെ സൗജന്യമായ സമ്മാനമാണ് കൃപ. അർഹത കൂടാതെ ലഭിക്കുന്ന ദാനം. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് സൗജന്യമായി നീതീകരിക്കുന്നതാണ് കൃപ. ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചവൾ ആണ് വി. കന്യകമറിയം. പ. പൗലോസിന്റെ പ്രാർത്ഥനയ്ക്ക് ലഭിച്ച ഉത്തരം “എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ നിറഞ്ഞുവരുന്നു.” (2 കൊരി. 12:9).

* കൃപ ലഭിച്ച ചിലരെപ്പറ്റി വേദപുസ്തക സാക്ഷ്യം

**a. നോഹ (ഉല്പ. 6:8)**

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നു കണ്ട ദൈവം, മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയുവാൻ നിശ്ചയിച്ചപ്പോൾ ദൈവകൃപ ലഭിച്ചവനാണ് നോഹ.

a. മോശെ – (പുറ. 33:17)

b. എനിക്കു നിന്നോടു കൃപ തോന്നിയിരിക്കുന്നു. അതിസൗമ്യൻ (സംഖ്യ. 12:3)

c. ദാവീദ് – അവനു ദൈവത്തിന്റെ മുമ്പാകെ കൃപ ലഭിച്ചു. (അപ്പോ. 7:46)

d. വി. പൗലോസ് – ഞാൻ ആകുന്നത് കൃപയാൽ ആകുന്നു. (1 കൊരി. 15:10)
എന്റെ കൃപ നിനക്കു മതി (2 കൊരി 12:9)

e. കന്യകമറിയം – കൃപ ലഭിച്ചവളേ നിനക്കു വന്ദനം (ലൂക്കോ. 1:28)

തന്റെ യോഗ്യതകൊണ്ടല്ല. ദൈവത്തിന്റെ കൃപയാൽ വി. കന്യകമറിയം തിരഞ്ഞെടുക്കപ്പെട്ടു.

**(B) ദൈവം കൂടെയുള്ളവൾ (വി. ലൂക്കോ. 28)**

ദൈവത്തിന്റെ സ്നേഹം അനുദിനം അനുഭവിച്ചവൾ. ദൂതനാൽ സാക്ഷിക്കുന്നു ദൈവം നിന്നോടുകൂടെ പ്രതിസന്ധികളിൽ തളരാത്തവൾ. മറിയമിന്റെ ജീവിതം വചനിപ്പു നടന്നതു മുതൽ ക്രൂശിന്റെ അരികിൽ വരെയും തുടർന്നും ദുഃസ്സഹമായ കൈപ്പിന്റെയും കണ്ണുനീരിന്റെയും വേദനയുടെയും കനൽക്കടലായിരുന്നു. സദാ ദൈവത്തോട് ചേർന്നു നടക്കുവാൻ നമുക്കും സാധിക്കണം.

1. ഗോത്രപിതാക്കന്മാരെപ്പോലെ
2. ഇയ്യോബിനെപ്പോലെ
3. ദാനിയേലിനെപ്പോലെ

കൂടെ നടക്കുന്നവനെ തിരിച്ചറിയണം. “ദൈവം നമ്മുടെ വഴിയിൽ എത്തി നിൽക്കുമ്പോൾ ദൈവത്തോടുള്ള പ്രത്യുത്തരം നമ്മുടെ ജീവിതത്തിന്റെ നിർവ്വചനം ആണ്.

“Your response is your Dehnition”

“നല്ലത് ഓർക്കുന്ന പാരമ്പര്യങ്ങൾ എപ്പോഴും പാഠങ്ങൾ പഠിപ്പിക്കുകയും ഊർജ്ജം നൽകുകയും ചെയ്യുന്നു.” വി. കന്യകമറിയത്തിന് ലഭിച്ച വന്ദനത്തിന്റെ പാരമ്പര്യം ചില പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഇടയാക്കട്ടെ.

### II. യേശുവിന്റെ സവിശേഷതകളും സാധ്യതകളുടെ ഉറപ്പും

വി. ലൂക്കോസ് 1:31–37

ദൂതൻ പറയുന്നു നീ പ്രസവിക്കുന്ന കുഞ്ഞിന് യേശു എന്ന് പേർ. തുടർന്ന്, ജനിക്കുവാൻ പോകുന്നവന്റെ പ്രത്യേകതകൾ. എങ്ങനെ ഇത് സാധ്യമാകും എന്ന വി. കന്യകമറിയത്തിന്റെ ചോദ്യത്തിനുള്ള വിശദീകരണവും. പരിശുദ്ധാത്മാവ് നിന്റെമേൽ നിറയും എന്ന ഉറപ്പും നൽകുന്ന ഭാഗങ്ങൾ. ജനിക്കാൻ പോകുന്ന കുഞ്ഞിനെക്കുറിച്ചുള്ള സവിശേഷണങ്ങൾ.

a. അവൻ വലിയവൻ ആകും.
b. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും
c. ദാവീദിന്റെ സിംഹാസനത്തിന് അർഹൻ.
d. യാക്കോബ് ഗൃഹത്തിലെ നിത്യരാജാവ്.
e. നശിക്കാത്ത രാജ്യത്തിന് അധിപൻ.

ഇത് ശ്രേഷ്ഠമായ മഹത് വാക്യങ്ങൾ. ഇതിൽപരം ഒരമ്മയ്ക്ക് എന്ത് തന്റെ കുഞ്ഞിനെക്കുറിച്ച് കേൾക്കുവാൻ. ഇന്നിന്റെ തലമുറകൾ ലോകം തേടുമ്പോൾ. ക്രിസ്തുവിന്റെ ജനനം ഒരു വിപ്ലവമായിരുന്നു. നാളകളിലേക്ക് ധൈര്യത്തോടെ ചുവടുകൾ വയ്ക്കുവാനുള്ള വിപ്ലവം. ഇന്നിന്റെ തലമുറകൾ

“പിന്നിലാകുന്ന പടികൾ, പടികൾ മാത്രമല്ല അടിത്തറ കൂടിയാണ് എന്ന താണു സത്യം. സത്യം മറക്കുമ്പോൾ അടിത്തറ തന്നെ ഇളകുകയും അസ്തിത്വം നശിക്കുകയും ചെയ്യുന്നു എന്ന് മനസ്സിലാക്കട്ടെ.

* എങ്ങനെ എന്ന മറിയത്തിന്റെ സംശയം ദൂതന്റെ ഉത്തരം

a. പരിശുദ്ധാത്മാവ് നിന്റെമേൽ വരും.
b. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും
c. ആകയാൽ വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും.
d. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല.

നാം പ്രാപിച്ച ദൈവീകാനുഗ്രഹങ്ങൾ കാത്തുസൂക്ഷിക്കണം. അതു പങ്കുവയ്ക്കണം. സ്തുതി കരേറ്റണം.

“എനിക്കു വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവം” (സങ്കീ. 57:2) എന്ന് ദാവീദ് പറയുന്നതു പോലെ. നമ്മുടെ ദൈവം സകലത്തിനും മതിയായ ദൈവമാണ് എന്ന് ഏറ്റുപറയാം.

“വേരും, തടിയും, ഇലയും, പൂവും ചേരുന്നതാണ് വൃക്ഷം.” ഒന്നിനെയും അവഗണിക്കാനാവില്ല. വേരിനെ പ്രത്യേകിച്ചും. ക്രിസ്തു എന്ന വേരിൽ തടിയായും ഇലയായും പൂവും മാറാം.

### III. ധൈര്യവും സമർപ്പണവും

വി. ലൂക്കോ. 1:38

ഞാൻ കർത്താവിന്റെ ദാസി. നിന്റെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ. ധൈര്യത്തോടെയുള്ള സമർപ്പണത്തിന്റെയും ശ്രേഷ്ഠ ഭാവം. ദാസി എന്നതിന്റെ ‘ഡുലോസ്’ എന്ന ഗ്രീക്ക് പദം അർത്ഥം ‘അടിമ’. ദൈവത്തിന്റെ മുമ്പിൽ അടിമയാകുവാനുള്ള ധൈര്യം കാട്ടിയവൾ. സ്വന്തം ജീവനെ ബലികഴിക്കുന്ന തരത്തിലുള്ള ധൈര്യവും സമർപ്പണവും. ആത്മാർത്ഥ സ്നേഹത്തിന്റെ പരിണിതഫലമാണ് ആത്മസമർപ്പണം. ‘സമർപ്പണം’ ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും അർത്ഥപൂർണ്ണമായ പദമാണ്. സുരക്ഷിതബോധത്തിന്റെയും സാമ്പത്തിക സൗഭാഗ്യങ്ങളുടെയും പരിണിതഫലമാണ് സമർപ്പണം എന്ന ചിന്തനമാം ആദ്ധ്യാത്മിക പങ്കുവയ്ക്കുമ്പോൾ സമർപ്പണത്തിന്റെ വിലയും വേദനയും വി. കന്യകമറിയം ഓർമ്മിപ്പിക്കുന്നു.

a. പ്രസവിക്കാൻ ഇടംതേടി അലഞ്ഞു
b. കുഞ്ഞിനെ മാറോട് ചേർത്ത് മരുഭൂമിയിൽ കൂടി ഓടി
c. മിസ്രയീമിലേക്കുള്ള ഒളിച്ചോട്ടം.

ഇവ ആത്മസമർപ്പണത്തിന്റെ ഈ സമർപ്പണത്താൽ തുടർന്നും ധൈര്യത്തോടെ ജീവിച്ച അമ്മ കാട്ടിയ പാഠകൾ.

a. അടിമയാകുവാനുള്ള ധൈര്യം (ലൂക്കോ. 1:38)
b. പുറത്തു നിൽക്കുവാനുള്ള ധൈര്യം. (മർക്കോ. 3:31)
c. ശുശ്രൂഷിക്കുവാനുള്ള ധൈര്യം (വി. ലൂക്കോ. 1:39)
d. പ്രാർത്ഥനാജീവിതത്തിന്റെ ധൈര്യം (അപ്പോ. 1:14)

താഴ്മ, വിനയം, വിശ്വാസം, സമർപ്പണം മാതൃകയാക്കാം.

“ക്രിസ്തുവിനെ അനുഗമിക്കുന്നവൻ ‘കത്താറോസ്’ ആകണം. കലർപ്പുകലരാത്തത് എന്ന് പദത്തിനർത്ഥം. കലർപ്പു മാത്രമുള്ള ലോകത്ത് കലർപ്പില്ലാതെ ജീവിക്കൽ വിഡ്ഢിത്തമായിരിക്കാം.”

ഭാരതീയ തത്ത്വശാസ്ത്രം പഠിപ്പിക്കുന്നു മനുഷ്യൻ മൂന്ന് തരം.

1. അസുരഗുണമുള്ളവൻ: എന്റേത് എന്റേത് നിന്റേതും എന്റേത് എന്ന മനോഭാവമുള്ളവർ.

2. മാനവിക ഗുണമുള്ളവർ: എന്റേത് എന്റേത് നിന്റേത് നിന്റേത് എന്ന മനോഭാവമുള്ളവർ

3. ദാവീക ഗുണമുള്ളവർ: എന്റേത് ഒന്നുമില്ല. നിന്റേത് ഒന്നുമില്ല എന്ന ആഴമാർന്ന അവബോധമുള്ളവർ.

വി. മറിയത്തെപോലെ ദൈവഹിതത്തിന് ഏൽപ്പിക്കാം. ദൈവീക ഗുണമുള്ളവർ ആകാം. നിന്റെ ഇഷ്ടം ഭവിക്കട്ടെ.

## ഒന്നാം റാങ്ക് കരസ്ഥമാക്കി




**വളഞ്ഞവട്ടം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം തേക്കിൽ കണ്ടത്തിൽ റെജി ടി. ഡാനിയേലിന്റെയും എമില ജോണിന്റെയും മകൻ ഷോൺ ടി.ഡാനിയൽ ചെന്നൈ എസ്. ആർ. എം മെഡിക്കൽ കോളജിൽനിന്ന് ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (BPT) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി.**



**ഭോപ്പാൽ LNCT യൂണിവേഴ്സിറ്റിയിൽ നിന്ന് മെഡിക്കൽ മൈക്രോബൈയോളജിയിൽ ജോമിലിനുവിന് ഡോക്ടറേറ്റ് ലഭിച്ചു. തുമ്പമൺ ഭദ്രാസനത്തിലെ മുളന്തറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. തുമ്പമൺ ഭദ്രാസനത്തിന്റെ എം.ജി.ഒ.സി.എസ്.എം. ഭദ്രാസന സെക്രട്ടറിയും മലങ്കരസഭയുടെ തുമ്പമൺ ഭദ്രാസന കൗൺസിലിംഗ് ഫാക്കൽറ്റിയും, മൗണ്ട് സിയോൻ മെഡിക്കൽ കോളജിൽ അസിസ്റ്റന്റ് പ്രൊഫസറുമാണ്.**



**റോണ എലിസബത്ത് കുര്യൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്ന് മാനേജ്മെന്റിൽ (ഓർഗനൈസേഷണൽ ബിഹേവിയർ ആൻഡ് ഹ്യൂമൻ റിസോഴ്സ് ഏരിയ) പി.എച്ച്.ഡി. നേടി. വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം ഓണാട്ടു ഡോ. കുര്യൻ തോമസും അന്നമ്മ തോമസുമാണ് മാതാപിതാക്കൾ.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



# ANNUNCIATION TO ST. MARY

**(St. Luke 1:26-38)**



## Heaven and Earth United: The Mystery of the Annunciation to St. Mary

**Dn. Aaron Joshua John**

The moment when the Archangel Gabriel visits the Virgin Mary to announce the Incarnation of God's Son, the long-awaited Messiah. It is a moment of divine mystery and fulfilment, where the eternal Word takes on human flesh through the humble obedience of Mary, the Theotokos. This event stands at the intersection of heaven and earth, where God's promise to redeem humanity is revealed through a humble young woman in Nazareth. The Annunciation does not occur in isolation; it is deeply rooted in the history of God's covenant with His people. The Old Testament foreshadows this moment through stories of divine encounters, such as Jacob's dream of the ladder, the angelic visitations to Manoah's wife in the book of Judges, and the prophetic visions of Zechariah. These events point forward to the ultimate revelation of God's love in the Incarnation.

**1. The Divine Presence in Human History**

The Annunciation finds deep resonance with the Old Testament, where God often reveals Himself through divine encounters. In Genesis 28:10-22, we read about Jacob's dream of a ladder connecting heaven and earth, with angels ascending and descending upon it. This dream is a powerful image of God's presence, revealing a connection between the divine and the earthly realms. Jacob awakes and declares, "Surely the Lord is in this place, and I did not know it" (Genesis 28:16). In the Annunciation, we see a fulfilment of this vision. Mary becomes the new "ladder," the vessel through whom heaven and earth are joined as the Word takes on flesh.

Similarly, in Judges 13:2-14, we encounter the story of Manoah's wife, who receives a promise from an angel that she will bear a son, Samson, who is to be dedicated to God's service. Like St. Mary, she is visited by an angelic messenger with news that defies natural understanding. Yet, the Annunciation to St. Mary surpasses these earlier encounters, for the Son she bears is not merely a servant of God, but God Himself, the Saviour of the world. St. Ephrem the Syrian beautifully expresses this, saying, "Through Mary, heaven and earth are reconciled, for in her womb the Creator made His dwelling among His creatures."

This divine presence is further echoed in the prophetic visions of Zechariah, particularly in Zechariah 2:10-13, where the Lord declares, "Sing and rejoice, O daughter of Zion, for behold, I come, and I will dwell in your midst." The promise that God will dwell among His people finds its ultimate realization in the Incarnation, where Christ comes to dwell among us as Emmanuel—God with us. Through Mary's "Yes," God's presence becomes tangible, and the hope of the prophets is fulfilled. As Orthodox Christians, we see this divine presence manifest in the sacraments, especially in the Eucharist, where Christ is truly present among us, offering Himself as the Bread of Life. Just as Mary bore Christ within her, we are invited to receive Him in the Eucharist, allowing His presence to dwell within us and transform our lives. The Annunciation reminds us that God's dwelling is not distant, but near, desiring to make His home in our hearts.

**2. The Fulfilment of God's Promises through the Incarnation**

The Annunciation to Mary is not only about God's presence but about the fulfilment of His promises throughout history. The angel's words, "You will conceive in your womb and bear a son, and you shall call his name Jesus" (Luke 1:31), speak to the culmination of God's redemptive plan. This promise of a Saviour is rooted in the hopes of Israel, expressed in the cry of the prophet Isaiah, "Oh that you would rend the heavens and come down" (Isaiah 64:1). In the Annunciation, God indeed "rends the heavens," entering into human history to redeem it.

St. Paul reflects on this fulfilment in Galatians 4:4-7, saying, "But when the fullness of time had come, God sent forth his Son, born of woman, born under the law, to redeem those who were under the law, so that we might receive adoption as sons." Through Mary's response, "Behold, I am the servant of the Lord; let it be to me according to your word" (Luke 1:38), the fullness of time arrives, and God's plan to adopt us as His children is set into motion. The Incarnation is not merely a moment in history but the turning point that transforms all of creation, making possible our reconciliation with God. The Epistle reading from Hebrews 2:14-18 underscores the significance of the Incarnation, teaching that "Since therefore the children share in flesh and blood, he himself likewise partook of the same things, that through death he might destroy the one who has the power of death." By taking on our flesh through the obedience of St. Mary, Christ becomes our High Priest, able to sympathize with our weaknesses and to bring us into communion with the Father.

This connection between the Incarnation and our redemption is beautifully captured by St. Athanasius of Alexandria, who writes, "He became what we are so that He might make us what He is." Through the Incarnation, Christ unites humanity with divinity, restoring the image of God within us and opening the way to eternal life. The Annunciation, then, is not just a personal call to Mary but a cosmic event, in which the hopes of all creation find their answer.

The Annunciation to St. Mary is to remind us that it is a call to recognize God's nearness and to embrace the fulfilment of His promises in our lives. Just as Mary welcomed the Word into her womb, we are invited to welcome Christ into our hearts, allowing Him to dwell within us and transform us from within. Mother Mary responded with humble faith and openness to God's will. May we, too, be willing to say, "Let it be to me according to your word," trusting that God's plans are greater than our own. As we partake in the sacraments and live out our faith, may we experience the joy of God's presence among us, knowing that through the Incarnation, He has made us His own.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Article

# The Niranam Cross: A Fusion of Faith, Artistry, and Cultural Heritage in Kerala's Christian Tradition




## Rev. Fr. Jijo Mathai Niranam

The cross is the primary symbol of the Christian Church and a significant part of faith. The shift to its centrality was due to the crucifixion of Christ and the subsequent development of Christian theological thought. Originally a Roman instrument of punishment, the cross became a common symbol for Christians after the era of Emperor Constantine. Even before the era of Constantine, St. Paul laid the theological foundation for the cross through his writings and sermons.

St. Paul's theology centres on the crucifixion of Jesus Christ and the salvation experience that followed, impacting the entire creation. With the rise of Christianity as the Roman Empire's official religion, the cross solidified its position as a religious symbol. Thus, beyond the notion of a simple wooden structure, it evolved to represent love, redemption, and divine grace. In examining its meaning in this context, we can observe the cross as intertwined with history, politics, and faith.

As a visible symbol of the Christian community, each Church tradition associates its theological and historical heritage with the cross. The Persian Cross, a subject of significant discussion among Kerala's Syrian Christians, is a notable example. Likewise, various cross designs are found across Christian traditions worldwide.



In the history of the Christian Church in Kerala, cross designs embody not only spirituality but also generations of history, culture, and artistry. For instance, different cross forms can be seen on the walls, roofs, and intricate carvings inside the sanctum (Madbaha) of ancient Syrian churches. Built without modern machinery, these constructions stand as remarkable fusions of human ingenuity and artistic skill. The Persian Cross, renowned for its craftsmanship, deserves attention due to its historical-cultural connections and strong symbolic significance in faith. Moreover, the cross forms display regional variations and unique styles in each location. The Persian Cross and Mar Thoma Cross are prominent examples found in ancient churches.

Certain cross forms in the Malankara Church have gained attention for their antiquity and aesthetic appeal. However, an ancient cross design found on the baptismal font at the Niranam Church, the heart of Indian Christianity, has yet to undergo detailed study.

### The Niranam Cross and Its Style

The Niranam Cross has a unique form distinct from traditional cross styles. The left arm ascends like a vine's tendril, while the right arm descends in the opposite direction. This specific design has so far only been identified at Niranam Church, according to historians and archaeologists from both within and outside India. Although it bears a faint resemblance to the swastika, it is not completely related. The two arms of the cross are crafted in a pose similar to the "gesture of fearlessness" (abhaya mudra) and the "gesture of dispensing boon" (varada mudra) in Indian iconography. In Buddhist and Hindu traditions, the right hand of the deity is often raised in a gesture of protection, while the left hand is extended in a gesture of blessing. Additionally, the Niranam Cross is known as a "sprouting cross," with small extensions on either side, resembling the floral design (latha / valli design) found in Kerala mural art. Archaeology student Ruben John Binu, who studies ancient Kerala architectural styles, suggests that the creator of the cross might have artistically depicted the "sprouting" aspect.

Possibly, the Buddhist presence in the Niranam area and the ancient Hindu temple traditions influenced this cross's design. The present Niranam Church was reconstructed over a century ago, incorporating parts of the older church structure, especially the ancient baptismal font. Thus, the circumstances at the time of the font's construction significantly influenced its design.

### The Niranam Cross and Its Deeper Meanings

For Christians, the cross symbolizes the Lord's death, resurrection, and the salvation brought through it. The Church Fathers also teach that it represents the Lord Himself, who offered salvation. The structure of the Niranam Cross conveys the message of the Incarnation, where the Son of God became human to redeem creation, bringing divine grace to all. Through the sacrament of baptism, we are invited to partake in this grace. Observing the Niranam Cross may help believers understand the essence of the Christ Event.

### Summary

Exploration and journeys do not mark an end but open new doors to fresh perspectives and knowledge. The history of the Niranam Church and its ancient remnants invite further study and reflection. To condense the significance of the Niranam Church, founded by St. Thomas, into a single word is inadequate. Instead, we study history to discern how they applied their artistic talents with precision in the construction of sacred spaces, reflecting the truth they understood. It is hoped that the investigation into the cross on the baptismal font, known as the Niranam Cross, will help uncover deeper meanings.

❑